
Registered No. M-4485 Madras War Review, Malayalam—30-3-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 മാർച്ച് 30-ാംനു, വെള്ളിയാഴ്ച [ലക്കം 29



UNIVERSITY LIBRARY
3 - APR 1945
MADRAS

## വമ്പിച്ച വിജയം അടുത്തുവരുന്നു

**റൈൻനദി** കടക്കുന്നതിന്നുള്ള സ്മരണീയമായ സമരത്തിൻെറ വിജയത്തിൽ, ഞാൻ നിങ്ങളെ അനുമോദിക്കുന്നു.

**ബ്രിട്ടീഷ്** ഭടന്മാരേ! നമ്മുടെ കനേഡിയൻ സഹോദരന്മാരോടും പരാക്രമശാലികളായ അമേരിക്കൻ സഖാക്കളോടും ചേൎന്നു ഈ സവിശേഷകൃത്യം ചെയ്യുതെങ്ങിനെയെന്നു് നീണാം പ്രസ്താവ്യമായിരിക്കും.

**ഒരിയ്ക്കൽ,** നദി കടക്കുകയും, ജൎമ്മൻ പ്രതിരോധം പൊളിയുകയും ചെയ്യാൽ, യൂറോപ്പിലെ വമ്പിച്ച വിജയം ആസന്നമായി വരുന്നതാണു്.

—മി. ചർച്ചിൽ, 1945 മാൎച്ച് 25-ാംനു 21-ാം ആൎമ്മി ഗ്രൂപ്പിന്നു നല്കിയ ഒരു സന്ദേശത്തിൽ

# പിൻതിരിഞ്ഞോടുന്ന ശത്രുവിൻെറ പരാക്രമം!

മാണ്ടലേയ്ക്കു് തെക്കുള്ള ജാപ്പു സേനകൾ പിന്മാറി കഴിഞ്ഞാൽ, പ്രായോഗികമായി, ബർമ്മയുദ്ധം കഴിഞ്ഞതായിത്തന്നെ ഗണിക്കാം. ബർമ്മയുദ്ധത്തിൽ ഒരു ലക്ഷം ജാപ്പു ഭടന്മാരെ നാം കൊന്നിട്ടുണ്ടു്. ഈ വധം അധികരിച്ചുകൊണ്ടു തന്നെ വരുന്നു. മാത്രമല്ല ശത്രുസേനകൾ പട്ടിണി കിടന്നു പരവശമായി വരികയും കൂടിയാണു്.

ബർമ്മയുദ്ധം കഴിഞ്ഞാൽ ഒരു ലക്ഷം ആയുധധാരികളും വേണ്ടത്ര പരിശീലനമുള്ളവരുമായ ചൈനീസ് സേനക്കു് യൂനാനിലെ യുദ്ധത്തിന്നു് ചേരുവാൻ സാധിക്കും. 10-ാമത്തെ വിമാനസേനയെ ജനറൽ ഷാനൊവിന്നു് തൻെറ 14-ാം വിമാന സേനയോടൊപ്പം ഉപയോഗിക്കാൻ കഴിയും.

## അടുത്തകൃത്യം

അടുത്തകൃത്യം മലയ അർദ്ധദ്വീപ് രണ്ടായി മുറിക്കുകയാണു്. മലയയിലും സുമാത്രയിലുമുള്ള ജാപ്പു സൈന്യങ്ങളെ നശിപ്പിക്കലുമാണു് എന്നു് ഊഹിക്കുന്നതിന്നു മതിയായ കാരണങ്ങളുണ്ടു്. പിന്നീടു്, ബ്രി: നാവികസേനയുടെ സഹായത്തോടുകൂടി, ചൈനീസ് കടൽക്കരയിലുള്ള തുറമുഖങ്ങൾ പിടിച്ചു്, ചൈനയിൽ വടക്കോട്ടു് യുദ്ധം തുടരുന്നതിന്നു സാദ്ധ്യമായിവരും.

—മേജർ ഫ്രിങ്ക് ഓവൻ, 1945 മാർച്ച് 22-ാംനു-യുണ്ടായ ഒരു പത്രപ്രമ്മേളനത്തിൽ ജാപ്പു ഭടൻെറ നില.

ബർമ്മയിൽ നമുക്കു പല വിജയങ്ങളും കൈവന്നിട്ടുണ്ടു്. ജാപ്പാൻ ഭടൻ വന സമരത്തിൽ മിടുക്കനാണു്; താൻ കരുതുന്ന കാര്യത്തെ അത്രമാത്രം ഭ്രാന്തോടെ മുറുകിപ്പിടിക്കുന്ന ഒരു മർക്കടമുഷ്ടിക്കാരനുമാണു് അവൻ.

കാര്യങ്ങൾ അബദ്ധത്തിൽ കലാശിക്കാൻ തുടങ്ങിയാൽ അവന്നു അതു നന്നാക്കിത്തീർക്കാൻ സാദ്ധ്യമല്ല. ജപ്പാൻ ഒരു നല്ല യോദ്ധാവാണെങ്കിലും, ഓടാൻ തുടങ്ങിയാൽപിന്നെ അവൻെറ ഉശിരെല്ലാം പറന്നൊളിക്കും. അവൻെറ മനോധൈര്യം തകരുകയും ചെയ്യും. അങ്ങിനെ ഉടനെ സംഭവിക്കുന്നതിന്നുള്ള കൃത്യങ്ങൾ നമുക്കു ചെയ്യാൻ സാധിക്കുമെന്നു എനിക്കു ഉറച്ച വിശ്വാസമുണ്ടു്.

—ഏർ മാർഷൽ സർ ജോൺ ബാൾഡ്വിൻ, മാർച്ച് 21-ാംനു- ലണ്ടനിലെ റോയൽ സെൻട്രൽ ഏഷ്യൻ സൊസൈററിയിൽ ചെയ്ത ഒരു പ്രസംഗത്തിൽ

അതിശയം ഉണ്ടാക്കുക, അതാണു് അത്യധികം ജപ്പാൻ ഭയപ്പെടുന്നതു്. നമുക്കു നമ്മുടെ സംഗതികളെല്ലാം ഭദ്രമായിവെച്ചാൽ അങ്ങിനെ ചെയ്യാൻ കഴിയും. ശത്രു ഇന്നു പ്രതിരോധസമരത്തിലാണു്. നമുക്കവനെ അജ്ഞനാക്കുന്നതിന്നുതന്നെ ശ്രമിക്കുക.

## ആറക്കാൻ മുനയിലെ ഒരു "സ്പിററ്ഫൈർ" വിമാനത്തിലെ ജോലിക്കാർ



ഇന്ത്യയിലെ വിവിധഭാഗങ്ങളിൽനിന്നും വരുന്ന ജോലിക്കാരുണ്ടു് ഈ സംഘത്തിൽ. നോക്കൂ, എന്തൊരു പ്രസന്നതയാണു് ആ മുഖങ്ങളിൽ ഓളം വെട്ടുന്നതു്? അതേ, അവർ അനുദിനം വിജയിച്ചുവരികയാണു്!

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 മാർച്ച് 30-ാംനു, വെള്ളിയാഴ്ച


## ലോകസമാധാനത്തിന്നും സുരക്ഷയ്ക്കുംവേണ്ടി

ഇന്നു എല്ലാവരും പുരുഷന്മാരും സ്ത്രീകളുമെല്ലാം ആശയോടെ—ഭാവിയിലേക്ക് ഉററുനോക്കുന്നു. ലോകം ഇന്നു ഭയചകിതമായിക്കഴിയുന്നു; ഒന്നിനൊന്നു പിറകിലായി എത്രയെത്ര ദുരിതങ്ങളും ദുരദൃഷ്ടങ്ങളുമാണ് മനുഷ്യത്തിയെ ആക്രമിച്ചിട്ടുള്ളതു്! ആക്രമണം, മർദ്ദനം, ഇവയുടെ ഗ്രസനംമൂലം അരക്ഷിതാവസ്ഥയിൽ, ഒരനാഥ ശിശുവെപ്പോലെയാണ് മനുഷ്യത ഇതേവരേയും വളർന്നുവന്നിട്ടുള്ളതു്. സുരക്ഷ വേണം എന്നുള്ളതു അഭിലഷണീയമായ ഒരു സംഗതിയാണ്. പക്ഷെ വെറും ആശകൊണ്ടെന്തു് സാദ്ധ്യതയാണ് ഉണ്ടാവാൻ പോകുന്നതു്? കഴിഞ്ഞ യുദ്ധശേഷവും മനുഷ്യൻ സമാധാനവും ശാന്തിയും വേണമെന്നാശിച്ചു; പ്രാർത്ഥിച്ചു, പക്ഷെ ഫലമെന്തായി? ആക്രമണങ്ങൾ രാഷ്ട്രങ്ങളെ കുത്തിമുറിയേല്പിച്ചു; തീയിട്ടെരിച്ചു. ലോകം മുഴുവനും വിഷവും തീയും വിതറിക്കൊണ്ടു്, യുദ്ധപ്പിശാച് അതിന്റെ താണ്ഡവനൃത്തം ആരംഭിച്ചു. കഴിഞ്ഞ യുദ്ധത്തിന്നുശേഷം നമ്മുടെ ആശകൾ ഇങ്ങിനെയാണ് കലാശിച്ചതു്.

കഴിഞ്ഞ യുദ്ധത്തിന്നുശേഷം സഖ്യരാഷ്ട്ര സമിതി ഏർപ്പെടുത്തി. അതു് സ്വാർത്ഥികളും ആക്രമികളുമായ ചില രാജ്യങ്ങളുടെ കളിപ്പന്തായി മാറി. ആർ ഈ സംഘടന സൃഷ്ടിച്ചുവോ, അവർതന്നെ അതിൽ വിശ്വാസം കുറഞ്ഞു. അവർതന്നെ ആ പാവനോദ്ദേശ്യങ്ങളെ വ്യഭിചരിപ്പിച്ചു. അവസാനം ലീഗ് ഓഫ് നേഷൻസ് തന്നെത്താൻ കുത്തിമരിച്ചു.

കാര്യക്ഷമമായ ലോകസമാധാനം വേണമെങ്കിൽ അപ്പോൾ നാമിന്നു എന്തുചെയ്യണം? 'ഐക്യരാഷ്ട്രങ്ങൾ' എന്ന സംഘടനയ്ക്കു സമാധാനവും ശാന്തിയും ഉണ്ടാക്കുന്നതിന്നു സാദ്ധ്യമാണോ? നമുക്കൊന്നു പര്യാലോചിച്ചുനോക്കുക.

ആദ്യമായി നാം പണ്ടുചെയ്ത വങ്കത്തങ്ങളെ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുകയാണ് വേണ്ടതു്. ലീഗിന്നു, ആയുധശക്തിയുണ്ടായിരുന്നില്ല. അതു് വെറുതെ പ്രതിഷേധങ്ങൾ പുറപ്പെടുവിച്ചു—വെറുങ്ങലിച്ച പ്രതിഷേധങ്ങൾ. ഇററലി അബ്സീനിയയെ ആക്രമിച്ചപ്പോൾ, അഡിസ് അബാബയിൽ ബോംബുകൾ വർഷിച്ചപ്പോൾ, ലീഗ് ഓഫ് നേഷൻസ് ജനീവയിലിരുന്നു, മുസ്സോളിനിയുടെ നേർക്ക് കടലാസ്സുതുണ്ടുകൾകൊണ്ടു് യുദ്ധംചെയ്തു! ബോംബിന്റെ തീജ്വാലകളെവിടെ? കടലാസ്സു തുണ്ടുകളെവിടെ? പണ്ടു് ലീഗ് ഓഫ് നേഷൻസ് വളരെയധികം പ്രതിഷേധം നടത്തിയിട്ടുണ്ടു്. എന്നാൽ ഫാസിസ്റ്റുകൾക്കതുകൊണ്ടെന്താണ്? ഒന്നും ചെയ്യാനാകാതെ, അതുമിതും പിച്ചും പേയും പറയുന്ന ഒരു മുതുക്കിത്തള്ളയെപ്പോലെ അവർ ഈ സംഘടനയെത്തള്ളി നരനായാട്ടിന്നു വട്ടംകൂട്ടി.

കഴിഞ്ഞതെല്ലാം കഴിഞ്ഞു. നമുക്ക് ഇന്നത്തെ കൃത്യനിർവ്വഹണത്തിന്നു മുന്നിട്ടിറങ്ങുക. ലോകത്തിലെ ജനങ്ങളുടെ ക്ഷേമത്തിന്നു നമുക്കു ഒരു സംഘടനവേണം. ആ ഉപകരണം അതിന്റെ സൃഷ്ടിയിലും, ഉള്ളടക്കത്തിലും പ്രവൃത്തിയിലും ജനകീയമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം. അതിന്റെ കൃത്യം സൃഷ്ടിപരമായ ഒരടിസ്ഥാനത്തിൽ അധിഷ്ഠിതമായിരിക്കണം. ഇന്നു അബദ്ധങ്ങളും, അവജ്ഞാജനകളായ പ്രസ്താവനകളും പുറപ്പെടുവിച്ചു വരികയും, രാഷ്ട്രവും രാഷ്ട്രവും തമ്മിൽ മത്സരം വർദ്ധിപ്പിക്കുകയും, മർത്ത്യനും മർത്ത്യനും തമ്മിൽ വിദ്വേഷമുണ്ടാക്കുകയും ചെയ്യാനുപയോഗിക്കുന്ന ആ പ്രചരണോപകരണങ്ങളെല്ലാം മനുഷ്യജനതയുടെ വിദ്യാഭ്യാസത്തിന്നും പുരോഗമനത്തിന്നും, സഹകരണബോധത്തിന്നും വളർന്നുവികസിക്കാനുള്ള ഒരു പശ്ചാത്തലം സൃഷ്ടിക്കുന്നതിന്നായി ഉപയോഗപ്പെടുത്തേണ്ടതാണ്.

യന്ത്രങ്ങളെ പഴിക്കുന്നതു് മഠയത്തരമാണ്. യന്ത്രങ്ങൾ മനുഷ്യന്നു ഒരു ശാപമല്ല, അനുഗ്രഹമാണ്. അമൂല്യവും അനുപമവുമായ ഒരനുഗ്രഹം. പക്ഷെ അതിന്റെ ഉപയോഗക്രമം തെററാണ്. ആ തെററു തിരുത്തുക, യന്ത്രം നന്മയ്ക്കു വേണ്ടി ഉപയോഗപ്പെടുത്തുക. അത്രമാത്രമേ ചെയ്യേണ്ടതുള്ളു, കത്തികൊണ്ടു് കുത്താൻ നുറുക്കാനും, കത്തികൊണ്ടു് കൊല്ലുവാനും കഴിയും. അതേ, ഉപയോഗിക്കുന്നവിധമനുസരിച്ചാണ് ഫലമിരിക്കുന്നതു്.

അടുത്തു സാൻഫ്രാൻസിസ്കോവിൽ സമ്മേളിക്കുന്ന രാഷ്ട്രങ്ങൾ ഒരു സംഗതി പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്: അതിരും വരമ്പുമിട്ടു അകററാനും ഒററപ്പെടുത്താനും അസാദ്ധ്യമായ ഒരു ലോകത്തിലാണ് അവരിന്നു ജീവിച്ചുവരുന്നതെന്നു്. നിങ്ങൾക്കു ഇന്നു വാതിലടച്ചിരുന്നതുകൊണ്ടു മാത്രം രക്ഷയില്ല. ആകാശത്തിലൂടെ വിമാനങ്ങൾക്കു വരാം; ആയിരം നാഴിക അകലെനിന്നു റേഡിയോവിൽ ആർക്കും നിങ്ങളുടെ ചെകിട്ടിലേക്കു പ്രവേശിക്കാം. ഈ യുദ്ധം നമുക്ക് ഒരു മഹനീയമായ പാഠം നൽകിയിട്ടുണ്ടു്. പഴയമാതിരി മേലും ഒററപ്പെട്ടു നിന്നാൽ അതു് അപകടമാണ്; പൊതുതാല്പര്യങ്ങൾക്കായി, ലക്ഷ്യങ്ങൾക്കായി എല്ലാവരും ഐക്യതയോടെ വർത്തിക്കണം.

യുദ്ധകാലത്തു് ഈ ഒരു ഐക്യബോധം ഉളവായിട്ടുണ്ടു്. പക്ഷെ ഇതിനെ യുദ്ധാനന്തരം നശിപ്പിക്കണമെന്നു വാദിക്കുന്നവരും, ഭൂമുഖത്തു തന്നെയുണ്ടു്. ആവക അഭിപ്രായഗതികളെ മുളയിൽത്തന്നെ നുള്ളിക്കളയണം.

സാൻഫ്രാൻസിസ്കോ ഇവയെപ്പററിയെല്ലാം ചിന്തിച്ചു ചർച്ച ചെയ്തു തീരുമാനങ്ങൾ ചെയ്യുന്നതായിരിക്കാം. എന്നാൽ അവസാന വാക്കുകൾ പറയുന്നതിന്നു അവർക്കു കഴിഞ്ഞുവെന്നുവരില്ല. അതു് ആശ്രയിച്ചിരിക്കുന്നതു് രാഷ്ട്രങ്ങളുടെയും ജനങ്ങളുടേയും കർത്തവ്യബോധത്തിലും കാര്യക്ഷമമായ ഐക്യതയിലുമാണ്. നമുക്കാശിക്കുക: ഈ ചോരച്ചൊരിച്ചലിൽനിന്നു ലോകം പഠിച്ച പാഠം മറക്കുകയില്ല എന്നു്.

## മഹാഭാഗ്യം

(കേക)

(കെ. ജി. പിള്ള)

സുന്ദരസ്വപ്നങ്ങൾ തന്നോളത്തിൽ ചാഞ്ചാടിയാ-
സുന്ദരകളേബരം, തൊട്ടിലിലുറങ്ങുന്നു.
സൌഖ്യമായ് ശയിക്കുന്നു സസന്തോഷം കുഞ്ഞോമന-
സഖ്യശക്തിതൻ വാളിൻ സാന്ദ്രമാം തണലിങ്കൽ!

എന്തിനായിളംകൈകൾ പൊക്കുന്നു? കടുഞ്ചോര-
ചിന്തുമാവീരന്മാരിലാശംസ തൂകീടാനോ?

കാപട്യമറിയാത്ത നിൻകരൾക്കിതുധർമ്മം,
പാപപങ്കിലമാമിപ്പാരിലൊന്നുററുനോക്കൂ!

രക്തസാക്ഷികൾ, ജീവൻ നമുക്കായർപ്പിക്കുക-
യുക്തമായിക്കരുതുന്ന വീരരെപ്പുഴിപ്പോരെ,
'ഇല്ല, വിപ്ലവങ്ങളിൽ പങ്കെനിക്കെ'ന്നോതിയ-
ച്ചൊല്ലെഴും ധീരന്മാരെച്ചതിക്കാൻ ശ്രമിപ്പോരെ!

നാസിസക്കരിങ്കോട്ടയങ്ങൊററച്ചവിട്ടാലെ
നാസ്തിയാക്കിയിഭൂവിൽ ഭാവുകം വളർത്താനൊ,

ഫാസിസപ്പെരുമ്പാമ്പിൻ മസ്തകം കട്ടിപ്പിള-
ന്നീസർവ്വം സഹയിങ്കൽ ശാന്തിയെപ്പുലർത്താനൊ,

ഉണ്ണീ, നീ ഇളക്കുന്ന തക്കുരുന്നുകാൽ, ഉണ്ണി-
ക്കണ്ണനെപ്പെറേറാരമ്മ, ഭാരതം നിനക്കമ്മ!'

പാതിക്കൺതുറന്നെന്തു നീയുറങ്ങുന്നു നിന്റെ-
ചേതസ്സിൽക്കൂടികൊളളു മാശയമെന്താണാവൊ?

നിദ്രയിൽക്കുഴത്തറത്തീടുവാൻ മടിക്കാത്തോർ,
ചരിത്രത്തിന്നുദയത്തിൽ മോക്ഷത്തെ ദർശിക്കുന്നോർ,-

നാസിതൻ ചതിപ്പണി ശ്രദ്ധമായ് വീക്ഷിക്കാനൊ,
നാശമാളുക്കന്മാർക്കുണ്ടാവതു പാർത്തീടാനൊ?

'പുഞ്ചിരിപ്പൂംതെന്നൽ നിന്നാനന പത്മത്തിന്മേൽ
സഞ്ചിതശ്രീചേർക്കുന്നുണ്ടെന്തതിൻ മൂലംകുഞ്ഞേ?

ഗോബൽസിൻ നിരർത്ഥമാം ജല്പനശതങ്ങളൊ,
പ്രാബല്യം നടിക്കുന്ന ജപ്പാനിൻ വിഢ്ഢിത്വമോ?

കാരിരുമ്പഴിക്കൂട്ടിൽ കാണുന്നുണ്ടാഹിററ്ലറെ,
പാരിതിൻ ജീവരക്തം കുടിക്കും ദുർഭ്രതത്തെ;

സിംഹവിക്രമന്മാരമൈക്യസൈന്യത്തോടേററ-
സിംഹത്തോലുടുത്തോരാഗർദ്ദഭരാജാവിനെ;

പുഞ്ചിരി, പോരാ; പൊട്ടിച്ചിരിക്കൂ! നീയുച്ചത്തിൽ,
വഞ്ചനയ്ക്കുടമസ്ഥർ കേൾക്കട്ടെ, ലജ്ജിക്കട്ടെ.

കാണുവാനിക്കാഴ്ചകൾ, ലോകത്തിനേതാനും നാൾ-
വേണം, നീ കാണുന്നിന്നു, നിൻഭാഗ്യം മഹാഭാഗ്യം!

# ആഴ്ചക്കുറിപ്പുകൾ

## ജപ്പാന്റെ പരിഭ്രാന്തമായ നില

ജപ്പുരാജ്യങ്ങളിൽ വല്ലാത്ത പരിഭ്രാന്തിയും പരാജയമനോഭാവവും പരന്നുതുടങ്ങിയിരിക്കുന്നു. മന്ത്രിസഭകൾകൂടി പല പരിപാടികളും, നടപടികളും എടുക്കാനുള്ള പരിശ്രമങ്ങളിൽനിന്നു ഇതു വ്യക്തമാകുന്നുണ്ട്. ടോക്കിയോവിൽനിന്ന് 1,500 നാഴിക ദൂരമുള്ള മാറിനാ ദ്വീപുസമൂഹത്തിലുള്ള സൈപ്പാൻ അമേരിക്കൻ സേനകളുടെ അധീനത്തിൽ വരുന്നതിന്നുമുമ്പ്, ജപ്പാൻകാർ പറഞ്ഞിരുന്നു: "മാറിനാസ് പിടിക്കപ്പെട്ടാൽ ജപ്പാനിൽ വേററ ബോമ്പുവർഷം നടത്തുന്നതിന്നുള്ള സാദ്ധ്യത അമേരിക്കൻ സേനകൾക്ക് ലഭിക്കുമെന്ന വാസ്തവം നിഷേധിച്ചിട്ടു ഫലമില്ല" ആത്മഹത്യ ചെയ്യുന്നതിന്നുമുമ്പ് ഇവോജിമയിലെ ജാപ്പ കമാണ്ടർ പറഞ്ഞുവത്രെ: "ഈ ദ്വീപു നാം പിടിക്കാത്തപക്ഷം ജാപ്പ സാമ്രാജ്യം ഒരിക്കലും ശാശ്വതമായി സുരക്ഷയിലായിരിക്കുകയില്ല" ഇതു ഒരു പച്ചപ്പരമാർത്ഥം മാത്രമത്രേ. ഇവോജിമയിൽനിന്നു ടോക്കിയോവിലേക്ക് 750 നാഴിക മാത്രമേ ഉള്ളു. ഇവിടെനിന്നു തുടരെത്തുടരെയായി ജാപ്പ ദ്വീപുകളിന്മേൽ ബോമ്പു പൊഴിക്കുന്നതിന്ന് എളുപ്പമാണ്. ഇന്നു ആക്രമണങ്ങൾ വാസ്തവങ്ങളുമായിരിക്കുന്നു. ഇതു ജപ്പാന്നു മനസ്സിലാകുന്നുമുണ്ട്. ഫെബ്രുവരി 19-ാംനു ടോക്കിയോ പ്രസ്താവിച്ചു: "ഇവോജിമ പിടിക്കുന്നതിന്നു ശത്രുവിന്നു കഴിഞ്ഞാൽ, അയാൾക്കു അവിടെ വിമാനത്താവളങ്ങൾ നിർമ്മിച്ച് ആകാശാക്രമണം അധികരിപ്പിക്കാം. ഈ ദ്വീപു ഏതു വിധേനയെങ്കിലും നാം രക്ഷിക്കാത്തപക്ഷം നമ്മുടെ നാട് ശത്രുവിമാനങ്ങളാൽ പൊതിയപ്പെടും." ഈ വിഷയങ്ങൾ മാത്രമല്ല, കൃമിന്മേൽ കുരുവെന്നപോലെ ജാപ്പ വിമാനങ്ങൾ ദിവസംപ്രതി നഷ്ടപ്പെട്ടു വരുന്നു. കഴിഞ്ഞ ആറു മാസങ്ങൾക്കുള്ളിൽ ജാപ്പാന്നു 10,000 വിമാനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. ടോക്കിയോവിൽ വിമാനാക്രമണമുൻകരുതലുകൾ ധൃതഗതിയിൽ ചെയ്തുവരുന്നു ആളുകൾ നഗരം വിട്ടുപോവാൻ തുടങ്ങി. 3,000 അണ്ടർഗ്രൌണ്ട് വീടുകൾ ടോക്കിയോവിൽ നിർമ്മിച്ചുവരികയാണത്രേ.

## ബർമ്മായുദ്ധം

മാണ്ടലെ പിടിച്ചതിന്നുശേഷം ഉടനടി മറെറാരു വിജയവും സാധിച്ചു. ഇരുപതാം ഇന്ത്യൻ സേനാവിഭാഗം മീക്ടിലാവിലേക്ക് പുരോഗമിച്ചിരിക്കുന്നു. മാണ്ടലെ വിജയത്തിൽ സന്തോഷിച്ചുകൊണ്ട് ലോകം മുഴുവനും അനുമോദനസന്ദേശങ്ങൾ അയക്കാൻ തുടങ്ങിയിരിക്കുന്നു.


ബർമ്മയിൽ ജാപ്പ പരാജയത്തിന്നുള്ള കാരണങ്ങൾ പലതുമുണ്ട്. മാർച്ച് 22-ാം തിയ്യതി 33-ാം ഇന്ത്യൻ വിഭാഗത്തിന്റെ അധിപനായ് ജനറൽ സർ മൊൺടേഗ്യു സ്റ്റോഫോർഡ് നൽകിയ ഒരു ഉത്തരവിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു: "കഴിഞ്ഞ 10 ആഴ്ചകളോളമായി 4 ജാപ്പ വിഭാഗങ്ങളെ കഠിനമായി പ്രഹരിച്ചിട്ടുണ്ട്. യുദ്ധരംഗത്തിൽ 5,500 ശത്രുഭടന്മാർ മരിച്ചുവീണു. 72 തോക്കുകളും 19 ടാങ്കുകളും അധീനമാക്കി.


ജാപ്പുകളുടെ വലിയ ഒരു സപ്ലൈ കേന്ദ്രമായിരുന്നു മാണ്ടലെ. ഇപ്പോൾ അതും അവർക്കു നഷ്ടപ്പെട്ടു. ജാപ്പാന്റെ സന്ദേശനിരകളും താറുമാറായിരിക്കുന്നു. എന്തായാലും പരാജയം അവരെ തുറിച്ചു നോക്കുന്നുണ്ട്. അതിൽനിന്നുള്ള രക്ഷാമാർഗ്ഗം ആത്മഹത്യയാണ്.

## ജർമ്മനി വളയപ്പെടുന്നു

പടിഞ്ഞാറൻ സമരമുഖത്തെ ജർമ്മൻ സൈന്യാധിപനായി ഫീൽഡ് മാർഷൽ കെസർലിങ്ങിനെ നിയമിച്ചിരിക്കുന്നുവെന്നു കേട്ടുവരുന്നു.

# ലോകമഹായുദ്ധം ഇങ്ങിനെ കാണുക




ഇററലിയിൽ ആസന്നമായ പരാജയവും, രക്ഷപ്പെടാനുള്ള നിർവ്വാഹമില്ലായ്മയുമായിരുന്നു ഇതേവരെയും അനുഭവിക്കാൻ കിടന്നിരുന്നതു്. റൺസ്റ്റെട്ടും, ഗുഡേറിയാനും സാധിക്കാത്തതു് കൈസർലിങ്ങിനാൽ സാധിക്കപ്പെടുമോ? വേണ്ടത്ര സാമഗ്രികൾ, സജ്ജീകരണങ്ങൾ, ഭടന്മാർ ഇവയില്ലാതെ ഏതൊരു നേതാവിന്നും യാതൊന്നും ചെയ്വാൻ സാദ്ധ്യമല്ല. നോർവ്വെ, യൂഗോസ്ലാവ്യ, ഇററലി ഇവിടങ്ങളിൽ കെണിയിലകപ്പെട്ടുത്തപ്പെട്ട പട്ടാളത്തെ ജർമ്മനിക്കു വീണ്ടുകിട്ടുകയില്ല. മാർഷൽ കൊണിവ് പ്രേഗിനെ നോക്കി പൊരുതുന്നു. 400 നാഴിക നീളമുള്ള റൈൻ രംഗം ജർമ്മനിക്കു ഒരു വിപത്താണ്. പൊമറേനിയ നഷ്ടമായി. ബാൾട്ടിക് കടൽക്കരയിൽനിന്ന് ജർമ്മൻകാർ മുഴുവനും ഇപ്പോൾ വെടിപ്പാകും. ബർളിൻ വല്ലാത്ത വിപൽസന്നിയിലാണ്. മാർഷൽ ഷുക്കോവ് എപ്പോഴാണ് മുന്നോട്ടു കുതിക്കുക എന്നറിഞ്ഞുകൂടാ. എപ്പോഴാണ് യുദ്ധം അവസാനിക്കുക എന്ന തിയ്യതി പറയാനിപ്പോൾ വയ്യ. പക്ഷെ അതിന്നധികം താമസമില്ലെന്നുള്ളതു് തീർച്ചയാണ്.

## ലേഖകന്മാർക്ക്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാർത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ എഴുതി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കുന്നതിന്നു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണ്. ഈ സംഗതിയിലേക്കു ലേഖന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

(പത്രാധിപർ.)

## ഒരനുമോദനം

(ഒരു കേരളീയ ഭടൻ.)

[സഞ്ചികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന "സുമ" എന്ന കവിതയുടെ നിനവിൽനിന്ന്]

സുമക്കു സ്വാഗതം! സുമക്കു സ്വാഗതം!
സുമ പ്രകർഷിത മുഖ: സ്സുമാഗതം.
അഹമ്മുഖത്തിലെ കനക താരമായ്;
മഹിളകൾക്കൊരു മഹിത ഹാരമായ്
മദീയ ഭാരത ഹരിത വാടിയിൽ,
ചിദാത്മ ശക്തിതൻ വിശുദ്ധ ധാടിയിൽ,
വിരിഞ്ഞ സൽസ്സുമം: തെളിഞ്ഞൊരസ്സുമം
ചൊരിഞ്ഞു സൌരഭം നിറഞ്ഞ ഗൌരവം.

സുമക്കു വന്ദനം സുമക്കു നന്ദനം
സുമാംഗി വെൽവു സംവിധാന ശക്തിയായ്.

അടു അടു അടു അടുത്ത കശ്മല
ഭടത്തലവനു കൊടുത്ത മാന്യത,*
ഭരത നാടിനെ കരസ്ഥ മാക്കുവാൻ
വരുന്നവർക്കെഴും വിരുന്നു തന്നെയാം!
സുമക്കു മംഗളം ഭവിക്ക മംഗളം
സമസ്ത ഭാരതം മുഴക്ക കാഹളം.

അടുക്കള കണ്ണ, കടക്കളത്തിലും
മിടുക്കു കാട്ടിയ രമണി മാ രണി;
വിജയ ഭാരത മഹിളകൾ ക്കൊരു
വിജയ ലക്ഷ്മിയായ്; വിശുദ്ധ കീർത്തിയായ്
ജയിക്ക സൽസ്സുമെ! ജയിക്ക കുതമെ!
ജയിക്ക മംഗല മധുര ഗീതമെ!

* വെട്ടിക്കൊന്നതു്.

ഇന്നത്തെ പൌരനേയും പട്ടാളക്കാരനേയും ഒരു പോലെ ബാധിക്കുന്ന ഒന്നാണ

# നാളത്തെ ലോകവും നമ്മുടെ ചുമതലയും

(കെ. സി. കെ. പണിക്കർ)

മർത്ത്യൻ മർത്ത്യനോടു തന്നെ ചില ചോദ്യങ്ങൾ ചെയ്യുന്ന ഒരു ദശയാണിതു്. അതിന്നു് അതേ വിധത്തിൽ ചില സമാധാനവും ലഭിക്കാതിരിക്കുന്നില്ല. എന്തിന്നുവേണ്ടി നാമിത്ര കഷ്ടപ്പെടണം? അല്ലങ്കിൽ ആർക്കുവേണ്ടി? പ്രകൃതിയിൽനിന്നു് അവൻ പല പാഠങ്ങളും പഠിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ അതു പ്രായോഗികമാക്കുന്നതിന്നു് കഴിഞ്ഞിട്ടുണ്ടോ എന്നുള്ളതാണു സംശയം.

മദ്ധ്യാഹ്നത്തിലെ കഠോരമായ സൂര്യാതപത്തിൽ ഉണങ്ങി വരണ്ടതായ സസ്യലതാദികൾ അനുപമശീതളമായ വസന്തത്തിലെ കുളിർകാററിൽ തളിർത്തുപൂത്തു നൃത്തം ചവിട്ടാറുണ്ട്. നിരുപമമായ ആ കാഴ്ചയിൽ ലോകം തന്നെ മയങ്ങാറില്ലേ? കഠോരമായ കർക്കടകമാസത്തിലെ കറുത്ത വാവു ദിവസത്തെ രാത്രിയുടെ തീവ്രതയെ ശരൽക്കാലത്തെ ചന്ദ്രികയിൽ ജനങ്ങൾ ഓർക്കാറുണ്ട്.

നാട്ടിൽ ഒട്ടാകെ വ്യാപിച്ചിട്ടുള്ള സാമ്പത്തികക്കുഴപ്പത്തിന്റെ ഫലമായിട്ടല്ലെ, ഇന്നത്തെ ദാരിദ്ര്യവും മഹാവ്യാധികളും? നാമെല്ലാം ഇതിൽനിന്നു് രക്ഷ പ്രാപിക്കണമെങ്കിൽ ശോഭനവും ഭാസുരവുമായിട്ടുള്ള പ്രകൃതിയെ പ്രതീക്ഷിക്കണമെങ്കിൽ ഇന്നു ഓരോ വ്യക്തിയുടേയും പ്രവർത്തനം അവശ്യം ആവശ്യമാണ്. മാത്രമല്ല, ഇന്നത്തെ യുദ്ധം നമ്മൾക്കനുകൂലമായി ഭവിക്കുകയും വേണം.

നിഷ്പക്ഷമായ നമ്മുടെ ഭാവി ഉത്തരോത്തരം വിജയഭേരിയിൽ മുഴക്കി അണയുന്ന യോദ്ധാക്കൾ ഭാവിയെ ചിന്തിക്കാതെ നിരുത്സാഹികളാകുകയെന്നതു് ക്ഷന്തവ്യമല്ലാത്ത അപരാധമാണ്. നാട്ടിലുള്ളവരേക്കാൾ പ്രവർത്തനത്തിന്നു് അവർക്കു സാധിക്കുമെന്നുള്ളതു് നിർവ്വിവാദമാണ്.

സുധാധവളിതമായ സൌധോപരിയിലല്ല ഇന്നത്തെ ലോകം നിലനില്ക്കുന്നതു് ഭൂമിയുടെ അങ്കാലിംഗനസുഖമേററ് പുളകം കൊള്ളുന്ന ചെറുകുടിലുകളിലാണ്. അവരാണ് നമ്മളുടെ രണരംഗങ്ങളിലെ വീരാപദാനങ്ങളെനിലനിർത്തുന്നതു്. അവർക്കുവേണ്ടിയാണ് നമ്മളുടെഈ യുദ്ധവും. ഈ ചിന്ത ഏതൊരു യോദ്ധാവിന്റെയും ഹൃദയത്തിൽനിന്നു് വിട്ടുമാറുവാൻ പാടുള്ളതല്ല.

നാം പട്ടാളത്തിൽ ചേർന്നതു, കേവലം പണത്തിന്നു്മാത്രമെന്നു് തെററിദ്ധരിച്ചു് ദിവസങ്ങളെണ്ണുന്ന സ്വാർത്ഥതല്പരന്മാർ അവരുടെ ചുറുപാടും ഒന്നു വീക്ഷിക്കേണ്ടതാണ്. എന്തിന്നു് വേണ്ടി ജീവനെതൃണവൽഗണിക്കുവാൻ ലോകം കച്ചകെട്ടിയിറങ്ങി. എന്തിന്നു് വേണ്ടി റഷ്യയിൽനിന്നും പുറത്തുകടന്ന ജർമ്മൻ സേനയെ തുരത്തി ബർല്ലിനടുത്തു ചെന്നു വാശിയോടെ മാറോടു മാറടിച്ചു റഷ്യയിലെ ജനത പോരടിക്കുന്നുവെന്നു്. ഒററക്കായിട്ടും നിരാശപ്പെടാതെ ബ്രിട്ടീഷ് ജനങ്ങൾ 1940 ൽ സഹിച്ച കഷ്ടതകൾ ലോകമിന്നും മറന്നിട്ടില്ല.



## "വിജയാംഗന"

(കെ. എ. കിട്ടുണ്ണി.)

ഭാരതത്തിന്റെ കേടററ
ധീരസന്താനസംഘമെ,
വൈരിയെച്ചുട്ടെരിച്ചീടും
വീരയോദ്ധാക്കളേ ശുഭം!

ഏതുരംഗത്തു ചെന്നാലും
ഭീതിവിട്ടരാടിയും
സ്ഥാനമാനങ്ങൾ നേടും മൽ
സോദരർക്കു സുമംഗളം!!

തോക്കു, പീരങ്കി കുന്തങ്ങൾ
ലാക്കുനോക്കിയയക്കുവിൻ
ഊക്കരക്കുന്ന ശത്രുക്കൾ
മൂക്കു കുത്തി മറിഞ്ഞിടാൻ!

വർഷിക്കൂ, ബോമ്പു നീളേയി-
വർഷത്തിൽ വന്നിടും ജയം
ആർഷഭൂഭാരതത്തിന്റെ
ഭൂഷണം വീണ്ടെടുക്കുവാൻ.

"പേടിയില്ല, മരിച്ചാലും
കൂടി നമ്മൾ ജയിക്കണം"
ഈയൊരാദർശമായ്പ്പോരിൽ
പോയാലും പടയാളരേ!

കുട്ടിക്കുറുമ്പു മൂത്തുള്ള
'കുട്ടി ജപ്പാൻ' കുതന്ത്രവും,
തുള്ളിത്തുളമ്പി മേവുന്ന
'കള്ളൻ' ജർമ്മന്റെ സൂത്രവും

മൺകുടം പാറമേൽ വീണു-
ള്ളകമെന്നതു പോലെയായ്
എങ്കിലും വമ്പുരക്കുന്ന
ശങ്ക വിട്ടുവരിപ്പോഴും!

കാര്യമില്ലാതെ സിംഹത്തിൻ
വാലു ചെന്നു പിടിക്കയാൽ
കഷ്ടമിന്നവതാളത്തിൽ
പെട്ടുതോക്കുന്നു ജംബുകൻ.

നല്ല പാഠം പഠിച്ചീടാ-
നില്ല, 'കോളേജി' തിൽപ്പരം
വേണ്ടാതനങ്ങളാന്നീടി-
ലുണ്ടാമീ വിധമൊക്കെയും.

വന്നു നില്ക്കുന്നിതാനമ്മെ-
പ്പുണരാനുമ്മ വെയ്ക്കുവാൻ
പൊന്നുഷസ്സിൻ തിരശ്ശീല-
യ്ക്കുള്ളിലായ് "വിജയംഗന!!!


അവർ തന്നെയാണ് ഇന്ന് മൺട ഗോമറിയുടെ നേതൃത്വത്തിൽ റൈൻ നദികടന്ന ആ വീരയോദ്ധാക്കൾ. മാർഷൽ ടിറേറായിന്റെ ഒളി ഭടന്മാരെപ്പററിയുള്ള വീരകഥകൾ വിശ്വവിശ്രുതങ്ങളായിട്ടുണ്ട്. എങ്ങും ജനങ്ങളിൽ ഒരു പുതിയ ആവേശമുണ്ടാകുന്നു. അടിമപ്പെട്ടു കിടന്ന ജനങ്ങൾ ഉണർന്നെഴുന്നേൽക്കുകയാണ്; ഉയിർത്തെഴുന്നേൽക്കുകയാണ്. ജനങ്ങൾ നാളെത്തെ ഭാവി നിർണ്ണയിക്കുന്നതിന്നു ഉററുശ്രമിക്കുകയാണ്. പോർക്കളത്തിൽ ചോര ചിന്തുന്ന പോരാളി വീരൻ ആ നിണബിന്ദുക്കൾകൊണ്ടു തന്റെ ജീവിത ചക്രവാളത്തിൽ പ്രകാശവും അരുണിമയും കലർത്തണമെന്നാശിക്കുന്നുണ്ടാവണം!

പൊതുജനങ്ങളുടെ സമുദായത്തിന്റെ പൊതുവെയുള്ള പുരോഗമനത്തിലാണ് പട്ടാളക്കാരന്റേയും നിലനില്പ്. ഒരു പ്രത്യേക ജാതികാരനായി ഭടന്മാരെ ആരും ഗണിച്ചുകൂടാ. നമ്മിൽ പലരും ഗ്രാമീണരാണ്; തുറന്നു പറഞ്ഞാൽ കൃഷികവൃത്തിയാൽ ഉപജീവിച്ചു വന്നിരുന്നവർ. ഇന്ന് നാം ഒരു പുതിയ അന്തരീക്ഷത്തിലേക്കു ആനയിക്കപ്പെട്ടിരിക്കുന്നു; ഒരു പുതിയ കൃത്യനിർവ്വഹണത്തിന്നുള്ള ഉത്തരവാദിത്വം ഏറെറടുത്തിരിക്കുന്നു. അതു ചെയ്തുതീർക്കുകയാണ് നാമിപ്പോൾ ഈ കൃത്യത്തിൽനിന്നു പുതിയ പരിചയങ്ങളും പാഠങ്ങളും നമുക്കു പഠിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു ഭടന്നു കിട്ടിയിട്ടുള്ള ലോകപരിചയവും, സഹനശക്തിയും സാധ്യതകളും ചില്ലറയൊന്നുമല്ല. നാളത്തെ ലോകത്തിന്റെ ശ്രേയസ്സിന്നായി ആ നേട്ടങ്ങൾ പിശുക്കില്ലാതെ വിനിയോഗിക്കുന്നതിന്നു നാം സന്നദ്ധമാവണം.

# ബർമ്മാ യുദ്ധമുന്നണിയിലെ ചില രംഗങ്ങൾ


ഈ ചിത്രത്തിൽ കാണുന്ന സമരരംഗങ്ങളും മിൻറു മുന്നണിയിലുംപ്പെട്ടതാണ്. ഇന്നു ബർമ്മയിലെങ്ങും ജാപ്പുകളോടിയൊളിക്കുകയാണല്ലൊ


പിയർ കുന്നിനടുത്തു റോന്തു ചുററുന്നു


81-ാം പടിഞ്ഞാറൻ ആഫ്രിക്കൻ വിഭാഗത്തിന്റെ നായകൻ ലോഫ്ടസ് ടോട്ടൻഹാം.


ബ്രിട്ടീഷുകാരും ഇന്ത്യക്കാരും ഒന്നിച്ചുനിന്നു ജോലി ചെയ്യുന്നു.


ആയാൾ ആർത്തുചിരിക്കുന്നു, വീണ്ടും നമ്മൾ വിജയിച്ചു



മുറിപ്പെട്ടവരെ സഹായിക്കുന്നു


ജാപ്പുതടവുകളിൽ കിടന്ന രണ്ടു അമേരിക്കൻ ഭടന്മാർ


ഫ്ലൈററ് സർജൻറ് തോംപസൻ




ആരാക്കാൻ കടൽതീരത്തിൽ ബീച്ച് മാസ്റ്റർ


ജനറൽ വാസ്‌ലേവ് ഇംഗ്ലണ്ടിൽ


റാമ്രീ ദ്വീപിൽ ശത്രുക്കളെ നായാടി പിടിക്കുന്നു


ഒരു ഗ്രീക്ക് വയർലസ് ഓപ്പറേറ്റർ


ജാപ്പെവിടെ എന്ന ചോദ്യങ്ങളും ചോദിച്ചു വെടിവെക്കുന്നു

# ചർച്ചിൽ മദ്ധ്യപൌരസ്ത്യദേശത്തിലെ നേതാക്കന്മാരുടെ മദ്ധ്യത്തിൽ




മി. ചർച്ചിൽ, ഹെയിൽസെലാസിയുമായി ആലോചിക്കുന്നു. മി. അന്തോണി ഈഡനും ഇക്കൂട്ടത്തിലുണ്ട്.

കീഴിൽ ഇടത്തുഭാഗം—ഈജിപ്തിലെ രാജാവ് ഫാറൂക്കും ചർച്ചിലും.

വലത്തു ഭാഗം—അറേബിയയിലെ രാജാവ് ഇബ്സൌദ്; ചർച്ചിൽ.

ഈ കൂടിയാലോചനകൾക്കുശേഷം ഈജിപ്തും സാദി അറേബിയയും അച്ചുശക്തികൾക്കെതിരായി യുദ്ധം പ്രഖ്യാപിച്ചുവെന്നതു് പ്രസ്താവ്യമാണ്.





# ചിരിയും ചിന്തയും

ആ ദമ്പതികൾക്കു ഗായകന്മാരേയും, കലാകാരന്മാരേയും വിരുന്നൂട്ടുന്നതിന്നു പ്രത്യേകം ഇഷ്ടമുണ്ടായിരുന്നു. മിസിസ് രമേശ് അന്ന് ഗായകനായ സുധാകരനെ ഊണിന്നു ക്ഷണിച്ചു.

"പിന്നേയ്, നിങ്ങളുടെ വീണയും കൊണ്ടു വരണേ" മിസിസ് രമേശ് ചിരിച്ചുകൊണ്ടു് അപേക്ഷിച്ചു. അവൾക്കു പാട്ടുപാടിക്കുക ഒരു രസമാണ്.

"ഓ; അതു വേണമെന്നില്ല" സുധാകരൻ മറുപടി പറഞ്ഞു.

"എന്തുകൊണ്ടു് ?"

"മിസിസ് രമേശ്" ഗായകൻ പറഞ്ഞു. "എന്റെ വീണയോ ? അതു ഭക്ഷിക്കുകയില്ല !"

* * *

പുതിയ വേലക്കാരൻ വന്നപ്പോൾ കൊച്ചമ്മക്കു വളരെ സന്തോഷമായി. അവർ പ്രവൃത്തികളെല്ലാം അവന്നു വിശദീകരിച്ചു കൊടുക്കുന്നതിനിടക്കു പറഞ്ഞു :

"ഞങ്ങളുടെ വീട്ടിലെ ഒരു പതിവാണ്, കിടക്കയിൽനിന്നു തന്നെ, എഴുന്നേൽക്കുന്നതിന്നു മുമ്പു പ്രാതൽ കഴിക്കുക എന്നതു് ?"

അന്ധാളിപ്പോടെ ഭൃത്യൻ ചോദിച്ചു, "ഞാനോ, നിങ്ങളോ ? ആരാണിതു ചെയ്യേണ്ടതു് ?"

* * *

ഞാൻ കേട്ടു നിങ്ങളുടെ ഭർത്താവ് ആ കമ്പനിയിൽ ഒരു ജോലിക്കു ശ്രമിക്കുന്നുണ്ടെന്നു് ? അദ്ദേഹം ഇപ്പോഴെന്തു ചെയ്യുന്നു ?"

"ഒന്നും ചെയ്യാറില്ല. കാരണം അദ്ദേഹത്തിന്നു ജോലികിട്ടി."

* * *

അമ്മുവിനോടു അന്നു ആദ്യമായി അമ്മ പശുവിനെ കറക്കുവാൻ ആവശ്യപ്പെട്ടു. അമ്മു, പതിനഞ്ചു വയസ്സായ ഒരു ബാലികയാണ്. അവൾ തൊഴുത്തിന്നടുക്കൽ പോയിനോക്കി മടങ്ങിവന്നിട്ടു അമ്മയോടു പറഞ്ഞു:

"അമ്മേ ഞാനാ[illegible]ം പശുക്കുട്ടിയെ കറക്കാം. എനിക്കു പശുവിനെ [illegible]യമാണ്."

* * *

മാസ്റ്റർ—ലോകത്തിൽ ജ്യോതിശ്ശാസ്ത്രത്തിൽ അധികം ശ്രമിക്കുന്നവരാണ് ?

വിദ്യാർത്ഥി—ജപ്പാൻകാർ സേർ. അവരിപ്പോൾ എപ്പോഴും നക്ഷത്രങ്ങളെയാണ് നോക്കിക്കൊണ്ടിരിക്കുന്നതു്. അമേരിക്കൻ കൊടിയടയാളമായ നക്ഷത്രങ്ങളേയും, സൂപ്പർ ഫോട്രസ്സ് മേഘങ്ങളെയും.

* * *

ഡോക്ടർ (രോഗിയോടു്) "നിങ്ങളുടെ സുഖക്കേടിന്നു നല്ല മരുന്നു മീനെണ്ണയാണ്."

ഇതു കേട്ടുംകൊണ്ടു രോഗിയുടെ മകൻ, കോളേജ് വിദ്യാർത്ഥിയായ രാമചന്ദ്രൻ ആ മുറിയിലേക്കുവന്നു—"അച്ഛാ! ഇതൊക്കെ വെറും പിരട്ടാണ്, ആ മരുന്നുകൊണ്ടു സുഖക്കേടു ഭേദമാവുകയില്ല."

ഡോക്ടരും രോഗിയും ഈ ഇടയിൽക്കടന്നു പറയൽ കേട്ടമ്പരന്നു.

"എന്താ കുട്ടാ നീയങ്ങിനെ പറയുന്നതു് ?" അച്ഛൻ അന്വേഷിച്ചു.

"അതോ അച്ഛാ" രാമചന്ദ്രൻ വിവരിച്ചു "ഞങ്ങടെ നേതാവ് പറഞ്ഞിട്ടുണ്ടു്, എല്ലാ രോഗങ്ങൾക്കുമുള്ള സിദ്ധൌഷധം ദേശീയൈക്യമാണെന്നു്."

മകന്റെ ബുദ്ധിയിൽ പിതാവിന്നു അതിശയം തോന്നി. "അതേയോ !"

"ഡോക്ടരേ ! എന്നാൽ എനിക്കും അതു മതി."

ഡോക്ടർ അല്പം അസുഖത്തോടെ—"അച്ഛന്റെ സുഖക്കേടു ദേശീയൈക്യംകൊണ്ടു മാറുകയില്ല. പക്ഷെ മകന്റെ രോഗം മാറും—ഭ്രാന്തു് !"

ചെറുകഥ

# "പാരിതോഷികം"

(ജി. പി. ശങ്കരമംഗലം)

"അപ്പോൾ നിങ്ങൾ ആ വിഷയം അങ്ങിനെ തീർച്ചപ്പെടുത്തിയല്ലേ" അവളുടെ കണ്ണുകളിൽ ജലം നിറഞ്ഞു. "അല്ലാതെന്തുചെയ്യും ലീലെ, ഈ വിഷമഘട്ടത്തിൽ മറെറാരു പോംവഴിയും ഞാൻ കാണുന്നില്ല: എന്നെമാത്രം ബാധിക്കുന്ന വിഷയമാണെങ്കിൽ ഞാൻ ഇത്രമാത്രം സങ്കടപ്പെടുകയില്ലായിരുന്നു. ഈ പാപിയോടു കൂടെ, വിദ്യാസമ്പന്നയും, കുലീനയും, ശാലിനിയുമായ ഒരു മഹിളാരത്നത്തിൻെറ പാവനജീവിതത്തിൽക്കൂടി ചളിവാരിയെറിയുവാൻ ലോകം വെമ്പുന്നു: ലീലെ, അസ്ഥാനരംഗങ്ങളെല്ലാം അവസാനത്തിൽ അശ്രുവർഷണത്തിനേ വഴി വെക്കയുള്ളൂ. എൻെറ ഓമന ഒട്ടും വ്യസനിക്കരുതു്: എല്ലാം ഈശ്വരഹിതംപോലെ നടക്കട്ടെ" സുധാകരൻ ദീർഘമായി ഒന്നു നിശ്വസിച്ചു.

"എൻെറ സുധാ, നിങ്ങൾ ജ്യേഷ്ഠനേയും ലോകത്തേയും ഭയപ്പെടുന്നു; അതേസമയത്തു തന്നെ സർവ്വാലംബമായി തന്നെ ആശ്രയിച്ച ഒരു പെൺതയ്യിനെ നിർല്ലേശം മറന്നുകളയുന്നു; ഈശ്വരാ ഈ പുരുഷന്മാരുടെ മനക്കരുത്തു! ആട്ടെ ഞാനൊന്നു ചോദിക്കട്ടെ. നമ്മുടെ പ്രേമബന്ധത്തിൽ എതിരഭിപ്രായം പറയുവാൻ ജ്യേഷ്ഠനും മററുള്ളവർക്കും എന്താണധികാരം? ഞാൻ പ്രായപൂർത്തിവന്ന ഒരു സ്ത്രീയാണു്. എൻെറ കാര്യങ്ങൾ അറിയുവാനുള്ള സംസ്കാരവും എനിക്കു സിദ്ധിച്ചിട്ടുണ്ടു്. ഹിതാനുസരണം ഒരു ജീവിതസഖാവിനെ തെരഞ്ഞെടുക്കാനുള്ള അധികാരം എനിക്കില്ലന്നോ?"

"ലീലെ, നീ വിഷയത്തിൻെറ ഒരു വശം മാത്രമെ ചിന്തിക്കുന്നുള്ളു" സുധാകരൻ ഇടക്കുകയറിപ്പറഞ്ഞു. "നിനക്കു് ശോഭനമായ ഒരു ഭാവിയുണ്ടായിക്കാണുവാൻ മനഃപൂർവ്വം ആഗ്രഹിക്കുന്ന സഹോദരൻ ഈ നിർദ്ധനനായ എരപ്പാളിയോടുള്ള നിൻെറ പ്രേമബന്ധത്തെ അനുവദിക്കുന്നില്ലെങ്കിൽ അതിൽ അദ്ദേഹത്തെ കുററപ്പെടുത്താമോ? അതു സ്വാഭാവികം മാത്രമാണു്. പിന്നെ നാട്ടുകാരുടെ കഥയാണെങ്കിൽ, നാം ഈ ജന്മത്തിൽ ദമ്പതികളായി തീരുമെന്നു അവർ വിശ്വസിക്കുന്നില്ല. അതിനാൽ നാം തമ്മിലുള്ള അതിരുകടന്ന പെരുമാററങ്ങൾ അവരുടെ ദൃഷ്ടിയിൽ അപഹാസ്യങ്ങളായിത്തോന്നുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ?"

"അപ്പോൾ ലോകാപവാദത്തേയും സഹോദരനേയും ഭയന്നു് എന്നെ ഉപേക്ഷിക്കാമെന്നു് അങ്ങു തീർച്ചപ്പെടുത്തി. അങ്ങിനെ ലോകരുടെ ദൃഷ്ടിയിൽ ഒരു ശ്രീരാമനാകാൻ—" അവൾ ധാരധാരയായി കണ്ണുനീർതൂകി.

തൻെറ കൈലേസിനാൽ ആ കോമളവദനത്തിലെ ബാഷ്പവൃഷ്ടികളെ തുടച്ചുകൊണ്ടു സുധാകരൻ പറഞ്ഞു, "ലീലെ നീയെന്നെ തെററിദ്ധരിക്കരുതു്. ഞാൻ ഇപ്പോൾ ധർമ്മസങ്കടത്തിൽ അകപ്പെട്ടിരിക്കയാണു്. ഒന്നുകിൽ എൻെറ അഭ്യുദയകാംക്ഷിയും ആത്മാർത്ഥസുഹൃത്തുമായ ജ്യേഷ്ഠനെ ധിക്കരിച്ചു് നിന്നെ സ്വീകരിക്കണം അല്ലാത്തപക്ഷം ജ്യേഷ്ഠനും നാട്ടുകാർക്കും വേണ്ടി നിന്നെ ഉപേക്ഷിക്കണം. ഇതു രണ്ടും എനിക്കൊരുപോലെ മർമ്മഭേദകമാണു്. വിദ്യാഭ്യാസാർത്ഥമായും മററും കരുണൻ എനിക്കുചെയ്തുതന്നിട്ടുള്ള സഹായങ്ങൾ നിസ്സീമമാണു്. അദ്ദേഹത്തിൻെറ ഹിതത്തിനു വിരുദ്ധമായ ഒരു പ്രവൃത്തി ചെയ്യുക എന്നതു എത്രമാത്രം കൃതഘ്നതയായിരിക്കും. ഈ ജീവിതത്തിൽ എൻെറ ലീലയോടു യാത്രപറഞ്ഞു മറെറാരു മാർഗ്ഗത്തിൽ സഞ്ചരിക്കുക എന്നതാകട്ടെ ആലോചിക്കാൻ പോലും ഞാൻ ശക്തനല്ല." അയാൾ ദയനീയമായ ദൃഷ്ടിയോടെ, അരികിൽ വിഷണ്ണയായി നില്ക്കുന്ന പ്രാണസഖിയെ ഉററുനോക്കി. സമ്പത്തിൻേറയും, സൌന്ദര്യത്തിൻേറയും, താരുണ്യത്തിൻേറയും സർവ്വോപരി സമുൽകൃഷ്ടഗുണങ്ങളുടേയും, നിത്യസഹവാസത്താൽ പരിപാവനയായ ആ പ്രേമധാമമെവിടെ, നിത്യദരിദ്രനും നിസ്സഹായനുമായ ഞാൻ എവിടെ? എന്തൊരു പൊരുത്തമില്ലായ്മ! ആ ധ്രുവവൈപരീത്യങ്ങളുടെ ഇടയിൽപോലും തങ്ങളെ കൂട്ടിയിണക്കുന്ന സുവർണ്ണശൃംഖല—ആത്മീയപ്രേമചൈതന്യം—അയാൾ അത്ഭുതപ്പെട്ടു, ഹാ, ആ പ്രേമലതിക തന്നിൽത്തന്നെ ചുററിപ്പിണഞ്ഞു ജന്മസാഫല്യം നേടാൻ ആശിക്കുന്നു. അയാൾ മുകുളിതപാണിയായി ക്ഷണനേരം ഈശ്വരധ്യാനത്തിൽ ലയിച്ചു. "ലീലെ" അവളുടെ നമ്രശിരസ്സിനെ മന്ദമന്ദം ഉയർത്തികൊണ്ടു് അയാൾ പറഞ്ഞു—നൈത്തമ്മിൽ അടുപ്പിച്ചതു് തീർച്ചയായും ഒരു അതിമാനുഷ ശക്തിയാണു്. പക്ഷെ അതിൻെറ കരകൌശലത്തിൽ ഞാൻ അത്ഭുതസ്തിമിതനായിപ്പോകുന്നു. അതിൻെറവേഗതക്കനുസരിച്ചുവേണ്ട മനസ്ഥൈര്യം ഈ സാധുവിനില്ല. നീ ഒട്ടും തന്നെ വ്യസനിക്കരുതു് നിരാശയ്ക്കും കാരണമില്ല. ഏതായാലും ഈ അവസരത്തിൽ മുൻനിശ്ചയിച്ചപോലെ ഏതാനും നാളത്തേക്കെങ്കിലും ഇവിടം വിട്ടു താമസിക്കുന്നതു് എല്ലാംകൊണ്ടും നല്ലതാണെന്നുതന്നെ ഞാൻ വിചാരിക്കുന്നു. എൻെറ ലീല ജ്യേഷ്ഠനെ എല്ലാ വിധത്തിലും അനുസരിക്കണം. അദ്ദേഹം നമ്മുടെ അഭ്യുദയകാംക്ഷിയാണു്. ലീലെ നീ എന്നെഴപ്പാകാൻ അനുവദിക്കു." സുധാകരൻെറ തൊണ്ടയിടറി.

ക്ഷണനേരത്തേക്കു് ആ ആദർശസമ്പന്നൻ സ്തബ്ധനായി നിന്നുപോയി. പരസഹസ്രം ഭൂതകാലസംഭവങ്ങളുടെ ഒരു വിദ്യുൽ പ്രവാഹം ആ പാവന ഹൃദയത്തിൽ കൂടെ കടന്നുപോയി. ചിന്തയിൽ നിന്നുണർന്നപ്പോൾ ഭുജവല്ലികളാൽ തന്നെ ബന്ധനംചെയ്തു് ഗാഢാലിംഗനത്തിൽ ലയിച്ചു തേങ്ങിത്തേങ്ങിക്കരയുന്ന ലീലയെയാണു കണ്ടതു്.

"ലീലെ"

"സുധാ"

പഞ്ചമിച്ചന്ദ്രൻെറ പാലൊളി കിരണങ്ങൾ ഗൃഹാങ്കണത്തെ പുഞ്ചിരിപ്പൂശിച്ചു. സുരഭിലമാരുതൻ ചുററുപാടും ലോലനൃത്തം തുടങ്ങി. കാമാന്തകക്ഷേത്രത്തിൽ ഘണ്ടാനാദം മുഴങ്ങി. താമരപ്പൂക്കൾ കൂമ്പി. കാമുക ജനങ്ങളുടെ വിഭിന്ന ചിന്താഗതികൾ ലോകമെങ്ങും പ്രതിബിംബിച്ചു.

അടുത്തദിവസത്തെ തപാലിൽ ലീലയ്ക്കു് ചിരപരിചിതമായ ആ കയ്യക്ഷരത്തിൽ ഒരു കത്തുണ്ടായിരുന്നു—"പ്രിയ ലീലെ, ക്ഷമിക്കണം; ഞാൻ ഇന്നത്തെ മെയിലിൽത്തന്നെ പുറപ്പെട്ടു. നിരാശപ്പെടരുതേ, ജ്യേഷ്ഠനെ അനുസരിക്കു. ദൈവം രക്ഷിക്കട്ടെ. സ്വന്തം സുധൻ." കത്തവളിൽ വലിയ ഭാവഭേദമൊന്നും വരുത്തിയില്ല. അതവൾ പ്രതീക്ഷിച്ചതായിരുന്നു. ഒരു വിപരീത ധൈര്യം ആ പ്രേമഹൃദയത്തിൽ ഉൽഭൂതമായി.

അന്നാട്ടിലെ കുബേര കുടുംബങ്ങളിൽ ഒന്നിലെ ശേഷിച്ച അവകാശികളാണു് കരുണാകരമേനവനും ലീലയും. മാതാപിതാക്കന്മാരുടെ അകാലദേഹവിയോഗത്താൽ ആ സഹോദരങ്ങൾ സനാഥരായിരുന്നു; കരുണനു് ഇപ്പോൾ 30-ം ലീലക്കു് 23-ം വയസ്സു പ്രായമാണു്. ബി.എൽ. ബിരുദധാരിയായ കരുണൻ പട്ടാളത്തിലെ ഒരുദ്യോഗസ്ഥനാണു്. ലീല സ്കൂൾഫൈനൽ വരെ പഠിച്ചശേഷം ഇപ്പോൾ ഗൃഹഭരണത്തിൽ ഏർപ്പെട്ടിരിക്കുന്നു. സുധാകരൻ നായർ അവിടെത്തന്നെ ഒരു ദരിദ്രകുഡുംബത്തിലെ അംഗമാണു്. നാട്ടുകാരിൽ പലരുടേയും പ്രത്യേകിച്ചു സഹപാഠിയായ കരുണൻേറയും സഹായത്താൽ അയാൾ ബി. എ. വരെ പഠിച്ചു. കരുണൻെറ നിർബന്ധത്താൽ ലീലയുടെ ഒരു ഗൃഹാദ്ധ്യാപകൻ എന്ന നിലയിലാണു് അവർക്കു തമ്മിൽ ആദ്യത്തെ പരിചയം. കാലാന്തരത്തിൽ ആ ഗുരു ശിഷ്യബന്ധം ഒരു നവ്യരൂപം കൈക്കൊള്ളുകയും അതു് ആത്മീയമായ ഒരു പ്രേമബന്ധമായി പരിണമിക്കയും ചെയ്തു.

II

സംഭവബഹുലമായ നാലു പരിപൂർണ്ണ സംവത്സരങ്ങൾ കഴിഞ്ഞു പോയി:

ബർമ്മാ യുദ്ധരംഗ മുന്നണിയിലുള്ള ഒരു സഖ്യസൈന്യാശുപത്രി: ഉദ്ദേശം ഇരുനൂറോളം രോഗികൾ അവിടെ ശുശ്രൂഷിക്കപ്പെടുന്നു: എല്ലാം പട്ടാളക്കാർതന്നെ. രോഗികളിലുംഉദ്യോഗസ്ഥന്മാരിലും അധികഭാഗവും ഭാരതീയരാണു്: വിഭിന്നവർഗ്ഗത്തിൽപെട്ട ഭാരതീയർ അവിടെ ഏകോദരസഹോദരന്മാരെപോലെ വർത്തിക്കുന്നു: ഹിന്ദു മുസ്ലിംസിക്കുക്രൈസ്തവ വ്യത്യാസങ്ങളോ മററു രാഷ്ട്രീയാഭിപ്രായഭിന്നതകളോ അവിടെ അശേഷം നിഴലിക്കുന്നില്ല. യുദ്ധരംഗത്തിൽ നിന്നും അപ്പോഴപ്പോൾ ലഭിക്കുന്ന വാർത്തകളെപ്പററിയ ചർച്ചയും, എതിരാളിയുടെ സമൂലനാശം വരുത്തുന്നതിനുള്ള പരിപാടികളുടെ ശക്യാശക്യതകളെപ്പററിയ വാദപ്രതിവാദങ്ങളുമാണു് അവിടെ കേൾക്കാനുള്ളതു്: ഓരോ രോഗിയും അവനെ സമീപസ്ഥനെപ്പററി കൂടുതൽ അറിവാനും അവൻെറ കഷ്ടതയിൽ സഹതാപം പ്രദർശിപ്പിക്കുവാനും ഉൽക്കണ്ഠിതനാണു്. ഡോക്ടർമാരുടെ ഉപചാരപൂർവ്വമായ കുശലാന്വേഷണം, നർസുകളുടെ ഹൃദയം വെളിപ്പിക്കുന്ന മധുരസ്മിതപൂർവ്വമായ സാന്ത്വനം, ഭൃത്യന്മാരുടെ കൃതജ്ഞതാപൂർണ്ണമായ അനുസരണം, എന്നിവയാൽ ആ സ്ഥലം, മനുഷ്യ ഹൃദയത്തിലെ കരുണാതന്തുക്കളുടെ പരിപാവനസ്ഥയെ പ്രദ്യോതിപ്പിക്കുന്നു: എല്ലാവരുടേയും ജിജ്ഞാസയെ ആകർഷിച്ചുകൊണ്ടു് ഒരു അംബുലൻസു കാർ ആതുരശാലയുടെ അകത്തെ പ്രവേശനദ്വാരത്തിൽ വന്നുനിന്നു: പ്രധാന ഡോക്ടർ മുതൽ അവിടത്തെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ പലരും ആ കാറിൽ ആഗതനായ രോഗിയെ സ്വീകരിക്കുവാൻ ഓടിയെത്തി: ജീവിതമരണങ്ങളുടെ ഇടയിൽ ആടികൊണ്ടിരിക്കുന്ന രോഗിയെ അവർ കൃത്യനിഷ്ഠയോടെ ആശുപത്രിയിലെ പ്രത്യേക വാർഡിലേക്കു കൊണ്ടുവന്നു: പരിസരമെങ്ങും നിശ്ശബ്ദമായി; പ്രമുഖനായ ഒരു ആംഗലേയ പട്ടാള ഉദ്യോഗസ്ഥൻ രോഗിയെപ്പററി ചില വിവരങ്ങൾ പ്രധാന ഡോക്ടരെ അറിയിച്ചു: അസാമാന്യമായ ആദരഭാവത്തോടെ ഉൽക്കണ്ഠാകുലങ്ങളായ അനവധി നയനങ്ങൾ ഒരേസമയത്തു രോഗിയിൽ പതിഞ്ഞു. പ്രാഥമിക ശുശ്രൂഷകളെല്ലാം ഉടനടി നിർവ്വഹിക്കപ്പെട്ടു: രോഗിയുടെ ശുശ്രൂഷക്കു് ആശുപത്രിയിലെ പ്രധാന നർസുതന്നെ നിയുക്തയായി:

ആക്രമണപ്രത്യാക്രമണങ്ങളാലും വിജയപരാജയങ്ങളാലും സംഭവബഹുലമായ ദിനരാത്രങ്ങൾ പിന്നേയും ആറേഴ കഴിഞ്ഞു: നമ്മുടെ രോഗിയിൽ ആശ്വാസത്തിൻെറ പ്രത്യക്ഷലക്ഷ്യങ്ങൾ കണ്ടുതുടങ്ങിയെന്നു് നിത്യശുശ്രൂഷകിയായ ആ നർസിൻെറ പ്രസന്നഭാവത്തിൽനിന്നു തന്നെ അനുമാനിക്കാം: അഹോരാത്രം ആ രോഗിയുടെ ശുശ്രൂഷയിൽ തന്നെ ജാഗരൂകയായി കഴിയുന്ന അവൾക്കു അനുക്രമമായ ആ രോഗവിമുക്താവസ്ഥ എത്രമാത്രം സന്തോഷസന്ദായകമായിരുന്നുവെന്നോ: ഉദ്യോഗ സംബന്ധമായ ചുമതലകൾക്കും ഉപരിയായ ഒരന്തർപ്രചോദനം ആ ശുശ്രൂഷാ വിധങ്ങളിൽ സർവ്വത്ര നിഴലിച്ചു കാണാം: രോഗി ആളുകളെ തിരിച്ചറിയത്തക്കസ്ഥിതിയിൽ ആയിത്തുടങ്ങിയതേയുള്ളു: അയാൾ തൻെറ ശുശ്രൂഷകിയെ സൂക്ഷിച്ചു നോക്കി: അവർണ്ണനീയമായ ഒരാനന്ദാനുഭൂതിയാൽ ആയുവയോധ ഹൃദയം കോരിത്തരിച്ചു: ആ നയനങ്ങൾ തമ്മിലിടഞ്ഞു: ഒരു സ്വർഗ്ഗീയ മാധുര്യം രണ്ടുപേരും അനുഭവിച്ചു: ഒരു കോരിത്തരിപ്പു്—ഒരു മന്ദഹാസം—ഒരു നെടുവീർപ്പു്—രണ്ടുമൂന്നശ്രുകണങ്ങൾ—"എൻെറ ലീലേ;"—"എൻെറ സുധാ" പരിതാവസ്ഥകൾ മറന്നു് ആ പ്രേമഹൃദയങ്ങൾ പരസ്പരം ബന്ധമായി. അജയ്യമായ ഒരു ശക്തിവിശേഷത്തിൻെറ അന്തർപ്രവാഹത്താൽ ഇരുവരും ആഹ്ളാദത്തിൽ ആറാടി: ക്ഷണനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം രോഗി ചോദിച്ചു: "ലീലേ നീയെങ്ങനെ ഇവിടെവന്നു ചേർന്നു" "നിങ്ങൾ വന്നതുപോലെതന്നെ"—അവൾ സന്തോഷം മറുപടി

## യോദ്ധാക്കളേ !

(കെ. പി. രഘുനാഥ്.)

(കുറത്തിപ്പാട്ടു രീതി)

ഭാരതാംബതന്നുടയ ധീരയോദ്ധാക്കളേ !
പാരിലാകമാനംവന്ന സങ്കടത്തെത്തീർപ്പാൻ
സ്വാതന്ത്ര്യം സമത്വമിവ നാട്ടിൽ നിലനിർത്താൻ
ദുഷ്ടരായ ജാപ്പാൻകാരെ നാട്ടിൽനിന്നോട്ടീടാൻ
പോകുകമുന്നോട്ടു നിങ്ങൾ ധൈര്യം വേണ്ടേ
ശൂരരാം യോദ്ധാക്കൾനിങ്ങൾ പോകുകമുന്നോട്ടായ്.

ഭാരതയുദ്ധത്തിൽമുന്നം വീരനഭിമന്യു
കാട്ടിയ ധീരത നിങ്ങൾ കേട്ടറിഞ്ഞിട്ടില്ലേ ?
രാക്ഷസരാം ജാപ്പുകൾതൻ രാജ്യമോഹം തീർപ്പാൻ
രാവണനാം ഹിററ്ലർതന്നെ ബ്ലീച്ചടിപ്പിച്ചീടാൻ.
വമ്പനാകും ഹിംലർതന്റെ ഗാംഭീര്യത്തെ പോക്കാൻ
അമ്പൊടിറങ്ങീടേണം ഹാ പോർക്കളത്തിലേക്കായ്
ഐക്യമത്യം മഹാബലമെന്നവാക്യമോർത്തു
ഐക്യപതാകയുടനെ തോളുകളിൽ ചേർത്തു
സകലജാതി മതസ്ഥരുമായൊത്തുകൈകൾ കോർത്തു
വിജയം വിജയമെന്നവാക്യമാനന്ദത്താലാർത്തു
ഊന്നിയൂന്നിപോക നിങ്ങളുററമുള്ള കൂട്ടർ
മുന്നോട്ടുമുന്നൊട്ടേക്കായിട്ടാഞ്ഞുകേറുവിൻ നിങ്ങൾ.

പറഞ്ഞു: "ഞാൻ ദേഹത്തിൽ മുറിവേററു മരണപ്രായത്തിലാണല്ലോ ഇവിടെവന്നതു്." ഞാൻ ഹൃദയത്തിൽ മുറിവേററു മരണാവസ്ഥയിലും" ലീല ഒന്നു മന്ദഹസിച്ചു: "ഇപ്പോൾ നീ ഒരു മൃതസഞ്ജീവനിയാണു്" സുധാകരൻ തുടർന്നുപറഞ്ഞു: "തീർച്ചയായിട്ടും; നാം സമീപത്തിരിക്കുമ്പോൾ പരസ്പരം മൃതസഞ്ജീവനികൾതന്നെ" ലീല മറുപടി നൽകി: അവൾ രോഗിയുടെ നെററിത്തടത്തിൽ മന്ദമന്ദം തടവിക്കൊടുത്തു: സംഭാഷണത്താൽ ക്ഷീണിതനായ രോഗിക്കു് ഒരു ഗ്ലാസ്സ് "ഗ്ലൂക്കോസ്സു് വാട്ടർ" ലീല പ്രേമ പുരസ്സരം പകർന്നു കൊടുത്തു:

"എങ്കിലും ലീലേ ഞാൻ അത്ഭുതപ്പെടുന്നു" ക്ഷീണവിമുക്തനായ രോഗി സാവധാനത്തിൽ പറഞ്ഞു "വലിയ ദേശസേവികയായ നീ ഈ സമരസേവനത്തിൽ ഏർപ്പെട്ടതിൽ എനിക്കത്ഭുതമുണ്ടു്" ഒരുപക്ഷെ ജ്യേഷ്ഠന്റെ നിർബ്ബന്ധമായിരിക്കാം:"

"ഇല്ല: എന്നെ ആരും നിർബ്ബന്ധിച്ചതല്ല: ഞാൻ സ്വമനസ്സാലെ, സുദീർഘമായ ആലോചനക്കു ശേഷമാണു് ഇതിൽ ചേർന്നതു്. ഈ പ്രവൃത്തിയിൽ എനിക്കഭിമാനവും തോന്നുന്നുണ്ടു്: എനിക്കു ഇത്രെത്ര മാത്രം ആശ്വാസപ്രദമാണെന്നോ."

"നീ ഇപ്പോൾ യുദ്ധസേവനത്തിന്റെ ഒരു പ്രവാചകയായിത്തീർന്നിരിക്കയാണു് ?"

"സുധൻ എങ്ങനെയെങ്കിലും വിചാരിച്ചു കൊള്ളു: എനിക്കു സന്തോഷം തന്നെ: ഇന്നത്തെ യുദ്ധസേവനം നാളത്തെ ദേശസേവനത്തിന്റെ ഒരു പടിയായിട്ടാണു് ഞാൻ കരുതുന്നതു്. രാഷ്ട്രീയമായ അവശതകൾ നമുക്കു എന്തുതന്നെയുണ്ടായിരുന്നാലും അതു് ഇന്നത്തെ ഫാസിസ്റ്റു് വിരുദ്ധ ശക്തികളെത്തകർക്കുന്ന പോരാട്ടത്തിൽ നാം പങ്കു വഹിക്കുന്നതിന്നു് വിരുദ്ധമല്ലെന്നാണു് എനിക്കു തോന്നുന്നതു്. എന്റെ ദേശീയ ബോധം കർത്തവ്യത്തിൽനിന്നും എന്നെ പിൻതിരിപ്പിക്കുവാൻ ശക്തമല്ലെന്നു് അഭിമാനത്തോടുകൂടെത്തന്നെ പറഞ്ഞു കൊള്ളട്ടെ."

"ക്ഷമിക്കൂ, ലീലേ" രോഗി ഇടക്കു കയറി പറഞ്ഞു: നിന്റെ പരിപാവനമായ ഈ സേവനത്തെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. സമരരംഗത്തിൽ അവശരായി ഭവിക്കുന്ന സ്വസഹോദരങ്ങളുടെ പരിചർച്ച എത്രമഹനീയമായ ഒരു സേവനമാണു്. ദയയുടേയും, സ്നേഹത്തിന്റേയും ഉറവിടമാണു സ്ത്രീഹൃദയം: അങ്ങനെയുള്ള സഹോദരികളുടെ സ്നേഹമസൃണവും നിസ്വാർത്ഥമായ സേവനങ്ങൾ ഏതൊരു മഹാ രോഗത്തിൽനിന്നും മനുഷ്യനെ വിമുക്തനാക്കുന്നു: ഈ ആശുപത്രിപോലെ കരുണാസമ്പൂർണ്ണമായ ഒരന്തരീക്ഷം ഞാൻ എവിടെയും കണ്ടിട്ടില്ല: ലീലെ, നീ എന്റെ ജീവനെ രക്ഷിച്ചു: സമാധാനത്തിലും സമരത്തിലും നീയാണെന്റെ അഭയകേന്ദ്രം: ഹോ, ഒരു കാര്യം ചോദിക്കാൻ മറന്നു പോയി: നിന്റെ ജ്യേഷ്ഠൻ ഇപ്പോൾ എവിടെയാണു്. കുറെ നാളുകളായി അദ്ദേഹത്തിന്റെ വിവരങ്ങൾ ഒന്നും ഞാനറിയുന്നില്ല:"

"സുധാ: എന്റെ എല്ലാ പ്രവൃത്തികൾക്കും വേണ്ട പ്രചോദനവും മാർഗ്ഗദർശിത്വവും നൽകിയതു സുധൻ തന്നെ; അതിൽ സ്തുത്യർഹമായി വല്ലതുമുണ്ടെങ്കിൽ അതിന്റെ പൂർണ്ണാവകാശവും അങ്ങേക്കു തന്നെ: ജ്യേഷ്ഠൻ ഇപ്പോൾ ഗവർണ്ണരുടെ അംഗരക്ഷകസൈന്യത്തിൽ ഒരു ഉപനായകനാണു്." പലപ്പോഴും ഇവിടെ വന്നു് എന്നെ സന്ദർശിക്കാറുണ്ടു്. ഇപ്പോൾ എനിക്കു പോകേണ്ട സമയമായി ഈ അവസരത്തിൽ കൂടുതൽ സംവാദിക്കുന്നതു് നല്ലതല്ല: കുറെ ഏറെ വിശ്രമം ആവശ്യമാണു്. ഞാൻ ഒരു മണിക്കൂറിനകം തിരിച്ചുവരാം:

### III

'കോഹിമാ' നഗരം ജാപ്പു് ആക്രമികളിൽനിന്നും സഖ്യസൈന്യത്താൽ വീണ്ടെടുക്കപ്പെട്ടിട്ടു ഉദ്ദേശം ഒരു മാസകാലമായി. അക്രമികളെ ഭയന്നു നാടുവിട്ടു പോയിരുന്ന നഗരവാസികൾ മിക്കപേരും തിരിച്ചെത്തിക്കഴിഞ്ഞു. കത്തിക്കരിഞ്ഞ വീടുകൾ, ഇടിഞ്ഞുപൊളിഞ്ഞ ദുർഗ്ഗങ്ങൾ, ഒടിഞ്ഞു മറിഞ്ഞ മരങ്ങൾ, മുതലായവ ഒരു ദുസ്വപ്നത്തിന്റെ ദുരന്ത സ്മരണകൾപോലെ എങ്ങും കാണപ്പെടുന്നുണ്ടു്. ഗഗന രംഗത്തിൽ വിജയ ചിത്ര ലേഖനം ചെയ്തുപാറിക്കളിക്കുന്ന പതാകയുടേയും, വിജയവൈജയന്തിയെ നഗരമെങ്ങും ഉൽഘോഷിക്കുന്ന പട്ടാള ബാൻറിന്റേയും നിതാന്തസേവനത്താൽ നഗരലക്ഷ്മി ആനന്ദപുളകം കൊള്ളുന്നു: പല പട്ടാളവിഭാഗങ്ങളും വിശേഷരീതിയിലുള്ള സൈനികാഡംബരങ്ങളോടെ അണിനിരന്നിരിക്കുന്നു: പട്ടാളക്കാർ നാനാരീതിയിലുള്ള ദേഹാഭ്യാസങ്ങളാൽ പ്രേക്ഷകലോകത്തെ വിസ്മയചിത്തരാക്കുന്നു: ആ രംഗത്തിലെ സേനാവിഭാഗങ്ങൾക്കു ഇന്നൊരു സുദിനമാണു്. തങ്ങളുടെ അൽഭുതവിശ്രമങ്ങളാൽ വിജയലക്ഷ്മിയെ സ്വയംവരിച്ച സൈനികന്മാർക്കു സമ്മാനദാനം ചെയ്യുവാൻ ബഹുമാനപ്പെട്ട ഗവർണ്ണർ ഇന്നവിടെ ആഗതനാകുന്നുണ്ടു്. അതുസംബന്ധമായ ആഘോഷങ്ങളുടെ ബഹളങ്ങളാണു് സർവ്വത്ര കാണുന്നതു്: പ്രധാന സൈനിക ഉദ്യോഗസ്ഥനാലും, പ്രാണനായികയാലും, അംഗരക്ഷകപ്രമുഖന്മാരാലും അനുഗതനായി ഗവർണ്ണർ സന്നിഹിതനായിക്കഴിഞ്ഞു. പ്രമുഖന്മാർക്കു ഹസ്തദാനം ചെയ്തശേഷം അദ്ദേഹം പട്ടാളക്കാരുടെ ഉപചാരം സ്വീകരിച്ചു: അനന്തരം എതാനും സമ്മാനാർഹങ്ങളുടെ പേരുകൾ വിളിക്കപ്പെട്ടു: മേജർ സുധാകരൻ നായരായിരുന്നു ഒന്നാം സമ്മാനാർഹൻ; അദ്ദേഹത്തെ സംബോധന ചെയ്തുകൊണ്ടും ഗവർണ്ണർ പ്രസ്താവിച്ചു" അസാമാന്യമായ ബാഹുബലത്താലും, അത്യൽഭുതകരമായ ധൈര്യത്താലും, അതിൽക്കവിഞ്ഞ ധിഷണാവൈഭവത്താലും, സമയോചിതമായ പ്രവർത്തനങ്ങൾകൊണ്ടു തന്റെ ജീവനെപ്പോഴും തൃണവൽഗണിച്ചു സഖ്യശക്തിയുടെ വിജയത്തെ സുസാധമാക്കിത്തീർക്കയും, ഭാരതത്തിന്റെ അഭിമാനത്തെ നിലനിറുത്തുകയും ചെയ്തു നിങ്ങളുടെ മഹനീയ സേവനങ്ങളെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നതോടൊപ്പം അതിന്റെ സ്മാരകമായി ചക്രവർത്തി തിരുമനസ്സിൽനിന്നും കല്പിച്ചനുവദിച്ചിട്ടുള്ള ഈ പാരിതോഷികം ഇതാ ഞാൻ നിങ്ങളെ അണിയിച്ചുകൊള്ളുന്നു: നിങ്ങൾക്കു മേന്മേലും വിജയങ്ങൾ ഉണ്ടാകട്ടെ: അനന്തരം വിശേഷരീതിയിലുള്ള ഒരു സുവർണ്ണമെഡൽ അദ്ദേഹം സുധാകരന്റെ ചട്ടയിൽ അണിയിച്ചു: ജനങ്ങൾ സന്തോഷപൂർവ്വം ഹസ്തതാഡനം നടത്തി: അനന്തരം സമ്മാനാർഹന്മാർ ഓരോരുത്തരായി വന്നു് അവരവരുടെ സമ്മാനങ്ങൾ സ്വീകരിച്ചശേഷം ദേശീയ ഗാനത്തോടും മംഗളാശംസയോടും കൂടെ യോഗനടപടികൾ അവസാനിച്ചു.

ദിവസങ്ങൾ പിന്നേയും രണ്ടു കഴിഞ്ഞു: സുധാകരൻ ലീലയുമായി സൈ്വര സല്ലാപം ചെയ്തുകൊണ്ടു അവളുടെ വസതിയിൽ ഇരിക്കയായിരുന്നു: ഒരു പട്ടാളക്കാരൻ പ്രവേശിച്ചു് അഭിവാദ്യം ചെയ്തശേഷം രണ്ടു കത്തുകൾ സുധാകരനെ ഏൽപിച്ചു: ആഗതൻ സുധന്റെ അനുവാദത്തോടെ തിരിച്ചുപോയി: കത്തുകൾ രണ്ടുപേരും ഓരോന്നെടുത്തും തുറന്നു വായിച്ചു:

"എന്താണതിൽ" "എന്താണതിൽ" രണ്ടുപേരും പരസ്പരം ഉൽക്കണ്ഠാപൂർവ്വം അന്വേഷിച്ചു: അവരുടെ വദനങ്ങൾ പ്രസന്നങ്ങളായി:

ഇതു നിന്റെ ജ്യേഷ്ഠന്റേതാണു്. എന്റെ യുദ്ധസേവനങ്ങളെ അഭിനന്ദിച്ചു് ലീലയെ ജ്യേഷ്ഠൻ എനിക്കു പാരിതോഷികമായി നൽകിയിരിക്കുന്നുപോലും: അതാണിതിൽ. ഇതാ വായിച്ചുനോക്കൂ"

"ഓഹോ ജ്യേഷ്ഠനും ബുദ്ധി വന്നുവല്ലേ: യുദ്ധത്തിൽ നിങ്ങളുടെ മഹനീയ സേവനങ്ങളെ അഭിനന്ദിക്കുന്നതോടൊപ്പം നിങ്ങളെ ഒരു പട്ടാളവിഭാഗത്തിന്റെ ഉപനായകനായി നിയമിച്ചിരിക്കുന്നു എന്നുള്ള ഉത്തരവാണിതു്. ഇതാ വായിച്ചു നോക്കൂ."

കൊള്ളാം, രണ്ടു പാരിതോഷികങ്ങളും ഒരുമിച്ചു തന്നെ സുധൻ സന്തോഷ മഗ്നനായി ഉറക്കെപ്പറഞ്ഞു:

"ലീലേ"..........
"സുധാ"..........

അവളുടെ വദനാരവിന്ദത്തിൽ പ്രണയ മുകേളുടെ ഒരു ശതാഭിഷേകം തന്നെ നടന്നു:

(ശുഭം)

നമ്മുടെ നാട്ടിലെ യുദ്ധവിരോധികൾക്കു്, റഷ്യയിലെ

ഈ നായിന്റെ ബുദ്ധിയുണ്ടായിരുന്നുവെങ്കിൽ!

# ജോ—ഒരു റഷ്യൻ യുദ്ധ നായ

(ഇല്യ എഹ്റൻബർഗ്.)

യുദ്ധത്തിന്നുമുമ്പുതന്നെ എനിക്കു ജോവിനെ അറിയാമായിരുന്നു. നാവു പുറത്തിട്ടു മോസ്കോവിലെ തെരുവുകളിലൂടെ ഓടിപ്പാഞ്ഞു നടക്കുന്നതിന്നു ഇഷ്ടപ്പെട്ടിരുന്ന ഒരു കൊച്ചുനായയാണ് അവൻ. അവന്റെ കാരണവന്മാർ വലിയ കുലീനന്മാരായിരുന്നില്ല അവന്റെ കാലുകൾ വളഞ്ഞതും തല വികൃതരൂപത്തിലുള്ളതുമായിരുന്നു. തന്നിമിത്തം എല്ലാവരും അതിന്റെ ഉടമസ്ഥനായ മാട്സ്ലേവിനോട് പുച്ഛത്തോടുകൂടി ചോദിക്കാറുണ്ടായിരുന്നു, "ഈ സൌന്ദര്യപുഞ്ജത്തെ നിങ്ങൾ എവിടെനിന്നാണ് സമ്പാദിച്ചത് ?"

മാട്സ്ലേവ് മൌനവ്രതക്കാരനായിരുന്ന ഒരു പണ്ഡിതനാണ്. ഉരുണ്ടതാണ് ആയാളുടെ പുറം. വിഷമം പിടിച്ച പ്രവൃത്തികൾ ചെയ്യുന്നതിന്ന് മാട്സ്ലേവിന്നു ഉത്സാഹമാണുണ്ടായിരുന്നത്. ആയാൾ മേശയ്ക്കരികിൽ ജോലി വ്യാപൃതനായി ഇരിക്കുന്ന സമയത്തു ബുദ്ധിമുട്ടിക്കരുതെന്നു ജോവിന്നു നല്ലവണ്ണം അറിയാം. ചിലപ്പോൾ ജോവിന്നു ഇതു വിഷമമായി തോന്നി. മണിയടിക്കുന്ന സമയത്ത്, ആനന്ദംകൊണ്ടു തുള്ളിച്ചാടി കുരച്ചു നടക്കുന്നതിന്നു ജോ ആശിച്ചു. അടുക്കളയിൽ ചട്ടിയിൽനിന്നു വരുന്ന വാസന മണത്തു ഓടിനടക്കുന്നതിന്ന് അതു പലപ്പോഴും ആശിച്ചിട്ടുണ്ട്. പ്രവൃത്തിയിൽനിന്നു പിന്തിരിഞ്ഞു മാട്സ്ലേവ് എഴുന്നേററാൽ മതി, ജോ തുള്ളിച്ചാടി നടക്കാൻ തുടങ്ങി.

. നായക്ക് വളരെയധികം വിനോദങ്ങളും ഗവേഷണവിദ്യകളും ഉണ്ടായിരുന്നു. അതു മഞ്ഞിന്നിടയിൽ ഒരു കല്ല് ഒളിച്ചുവെക്കും; എന്നിട്ട് അതു കുഴിച്ച് പുറത്തേക്കു എടുക്കും; ഈ 'പൊറാട്ടി'ൽ അത്യധികം രസിച്ച് തന്റെ യജമാനന്റെ അടുത്തേക്ക് ഈ പുതിയ കണ്ടുപിടുത്തവുമായി ചെല്ലും. അയൽത്തെരുവിൽ താമസിച്ചിരുന്ന കിഴവൻ നേസിന്നു വർത്തമാനപത്രം കൊണ്ടുപോയി കൊടുക്കുന്നതിന്ന് മാട്സ്ലേവ് ആ നായയെ പരിശീലിപ്പിച്ചിരുന്നു. "കിഴവൻ പൊട്ടിച്ചിരിച്ചുകൊണ്ട് തട്ടിമൂളിയ്ക്കും "അമേരിക്കയിൽ അവക്ക് പ്രത്യേക രീതിയിലുള്ള വിതരണമുണ്ട്. നിങ്ങൾക്കു ഒരു പ്രത്യേക രീതിയിൽ—ഒരു തപാൽക്കാരനുണ്ട്."

യുദ്ധം വന്നു. ജോവും യജമാനനും സ്മോളൻസ്കിലെ വനാന്തരങ്ങളിലേക്കു പോയി. മേജർ സോകൊലൊവസ്കി നേരമ്പോക്ക് അടിച്ചുവിട്ടു: "നിങ്ങൾ, ഒരു വിധത്തിലും, ഒരു സർക്കസ്സിൽ നിന്നല്ലല്ലോ വരുന്നത് ? ഒരുപക്ഷേ, നിങ്ങൾ ഒരു നായയെക്കൊണ്ട് ജർമ്മൻകാരെ ഭയപ്പെടുത്താമെന്നു വിചാരിച്ചുവോ ?" ജോ മരങ്ങൾക്കിടയിൽ ഓടിച്ചാടി നടന്നു; കരിയിലകൾ കടിച്ചുതിന്നു. അപ്പോഴും യുദ്ധം എന്താണെന്നു അവന്നു അറിഞ്ഞുകൂടായിരുന്നു. പെട്ടെന്നു ഒരു വലിയ ശബ്ദം ഭൂമിയിൽ ഒരു കുലുക്കമുണ്ടാക്കി. മേഘംപോലെ മണ്ണു ആകാശത്തിലേക്കുയർന്നു. മാട്സ്ലേവ് മണ്ണിന്നടിയിൽ വീണു, ജോവിന്നു പേടിയായി, അവനും തല പൊക്കി. ഇതൊക്കെ കണ്ടു സഹിക്കാൻ വയ്യാതെ വ്യസനിച്ചു കരയാൻ തുടങ്ങി. മാട്സ്ലേവ് പൊട്ടിച്ചിരിച്ചു "എന്റെ കിഴവച്ചാരെ, പേടിയായോ ?" ജോവിന്റെ യജമാനൻ ചിരിക്കുന്നുകണ്ടപ്പോൾ ജോവിന്നു സമാധാനമായി. അവൻ വാലുകൊണ്ട് മണ്ണിടിക്കുവാൻ തുടങ്ങി ഒരു ശാന്തതയും ലജ്ജയും അവന്നിൽ അപ്പോൾ ഉണ്ടായിവന്നു. വീണ്ടും ഇടിയൊച്ച മുഴങ്ങി. ഭയം വീണ്ടും ജോവിനെ പിടികൂടി. അവന്നു ഓടിപ്പോകണമെന്നു തോന്നി. എന്നാലും തല മണ്ണിൽവെച്ച്, യജമാനനെത്തന്നെ ഇമവെട്ടാതെ നോക്കിക്കൊണ്ട് അവൻ കുനിഞ്ഞു കിടന്നു. ഓടുകയോ ? വയ്യ, വയ്യ, ജോ അത്ര പേടിത്തൊണ്ടനൊന്നുമല്ല. "മിണ്ടല്ലേ" എന്ന് മാട്സ്ലേവ് ശാസിച്ചാൽ പിന്നെ അവൻ കുരക്കുകയേ ഇല്ല. ജീവിതത്തിൽ മാററങ്ങളുണ്ടായിട്ടുണ്ടെന്നു അവൻ മനസ്സിലാക്കി. പഴയ രീതികൾക്കെല്ലാം പ്രതിബന്ധങ്ങളുണ്ട്. ഇപ്പോൾ ഒരു കരിമ്പടത്തുണ്ടിൽ അവന്നു കിടക്കാൻ സാധ്യമല്ല. മാട്സ്ലേവ് പുസ്തകത്തിന്റെ താളുകൾ മറിച്ചുകൊണ്ടിരിക്കുകയും, വൃദ്ധയുടെ കൊട്ടയിൽനിന്നു വീണ ഇറച്ചിക്കഷണത്തെപ്പററിയോ, ഒരു പൂച്ചയെ ആട്ടിത്തുരത്തിയതിനെയോ സ്വപ്നം കണ്ടു താൻ ഉറങ്ങിക്കിടന്നിരുന്ന ആ കാലം കഴിഞ്ഞിരിക്കുന്നു.

അങ്ങിനെ, ജോവിന്റെ ഭീതിയും പോയി, ബോംബർ വിമാനങ്ങൾ ബോമ്പുവർഷങ്ങൾ ആരംഭിച്ചു. ഷെല്ലുകൾ പൊട്ടിത്തെറിച്ചു. ഭൂമിയിലും ആകാശത്തിലും എങ്ങും മരണം പാഞ്ഞുനടക്കുന്നുണ്ടെന്നു ജോവിന്നു മനസ്സിലായി. എന്നാലും, മാട്സ്ലേവിന്നു പേടിയില്ല. പിന്നെ ജോവിന്ന് എന്താണ് സമാധാനക്കേട് ? മോസ്കോവിലായിരുന്നപ്പോൾ പക്ഷികളെ തുരത്തുമ്പോഴോ മററു നായ്ക്കളുമായി കലഹിക്കുമ്പോഴോ ചിലപ്പോൾ ജോ തന്റെ യജമാനനെ വിസ്മരിക്കാറുണ്ട്. ഇവിടെ ഒരിക്കലും, ജോ മാട്സ്ലേവിൽനിന്നു കണ്ണെടുത്തില്ല. മനുഷ്യർ നിസ്സാരതയിൽ പറയാറുള്ള വിധത്തിൽ "വിശ്വസ്തനായ ഒരു നായിന്റെ സ്നേഹത്തോടെ" അവൻ അദ്ദേഹത്തെ സ്നേഹിച്ചു. മുന്നണിയിൽ കാര്യങ്ങളെല്ലാം പന്തികേടിലായിരുന്നു; പിൻവാങ്ങൽ അത്യാവശ്യമായ്വന്നു. ഭടന്മാർ ചോദിക്കാൻ തുടങ്ങി "നാം എപ്പോഴാണ് യാത്ര നിർത്തുക ?" മാട്സ്ലേവ് യുദ്ധത്തിന്നു നേരെ പല്ലിറുമ്മി. ആയാളുടെ യൌവനം, സ്വപ്നങ്ങൾ, പുസ്തകങ്ങൾ, പഴയ സുഖജീവിതം ഇതൊക്കെ ജോ ആയാളെ ഓർമ്മപ്പെടുത്തി.

ജോവിലും വലിയ പരിവർത്തനങ്ങൾ വന്നുകൂടിയിട്ടുണ്ട്. അവൻ സർവ്വദാ ഉൽക്കണ്ഠിതനായി കാണപ്പെട്ടു. കുറെ നാളോളമായി അവന്ന് പീരങ്കിശബ്ദം പരിചിതമാണ്. ഒഴിഞ്ഞ സ്ഥലങ്ങളിലൂടെ ഇഴഞ്ഞു നടക്കുന്നതിന്നു അവൻ പഠിച്ചു. പഴുതുകളിൽ അവന്നു ഒളിക്കാനറിയാം. ആ ഗ്രാമത്തിലെ ഒരു നായ ഒരിക്കൽ കുരച്ചുകൊണ്ടു ജോവിന്റെ നേക്കു ചാടി. മുമ്പായിരുന്നെങ്കിൽ, ജോ അവന്റെ നേക്ക് തിരിഞ്ഞ് മുതുകത്ത് ഒരു നല്ല കടിവെച്ചുകൊടുക്കുമായിരുന്നു; അവൻ സ്വതവേ ആളൊരു ശുണ്ഠിക്കാരനാണ്, ഒരു മുൻകോപി. ഇന്ന് അവൻ തിരിഞ്ഞുനോക്കാതെ തന്റെ പാട്ടിന്നുപോയി. കാരണം അവന്നറിയാം, ഇതിലും പ്രധാന കാര്യങ്ങൾ ഇപ്പോൾ ചെയ്യേണ്ടതായിട്ടുണ്ട്!

നേരത്തെതന്നെ മഞ്ഞുകാലം വന്നു; തണുപ്പ് അസഹ്യമായിത്തീർന്നു. മാട്സ്ലേവ് ഹെഡ്ക്വാർട്ടേഴ്സിലേക്ക് പോയിരുന്ന അവസരത്തിൽ തണുത്തു മരവിച്ച് ജോവും ആയാളെ പിന്തുടർന്നു. മരവിച്ചുറച്ചു കട്ടിയായ ഒരു പുഴക്കരികിലുള്ള ഒരു കുന്നിൽ ഒരാഴ്ചയോളം അവർക്കു താമസിക്കേണ്ടിവന്നു. ഒരു മെഷിൻഗൺ പോസ്റ്റിൽനിന്നു മറെറാന്നിലേക്കു ജോ പാഞ്ഞു നടന്നു. ഭടന്മാരെല്ലാം തന്നെ മൂപ്പരുടെ പരിചയക്കാരായി ഭടന്മാരുടെ ചുററുപാടും ഒരു ശാന്തമായ അന്തരീക്ഷം സൃഷ്ടിച്ചു. അതിപ്രശാന്തമായ ഭാവവും, മാതിരിയും നായക്കുണ്ടായിരുന്നു. അവരിൽ പൂർവ്വസ്മരണകൾ മുളച്ചുപൊന്തി.

അന്നു, ജോവിന്നു വളരെ വിഷാദം കണ്ടു. ഗ്രാമത്തിലുള്ള ഹെഡ്ക്വാട്ടറിലേക്കു ഭടന്മാർ എന്താണ് പോകാതിരുപ്പാനെന്നു അവന്നു മനസ്സിലായില്ല. അവിടെ അവനോടു കളിക്കാറുള്ള തടിയൻ മേജറുണ്ട്. ജർമ്മൻകാർ ആ ഗ്രാമത്തിലേക്കുള്ള പാത മുറിച്ചുവെന്നും മരണം വരെയും ചെറുത്തുനില്ക്കുന്നതിന്നു പട്ടാളക്കാർക്കു ഉത്തരവുണ്ടായിരുന്നുവെന്നും ജോവിന്നു മനസ്സിലായില്ല. മാട്സ്ലേവ് അശ്രദ്ധാലുവായി ജോ കണ്ടു. മാട്സ്ലേവ് പ്രത്യക്ഷത്തിൽ ശാന്തനായി കാണപ്പെട്ടിരുന്നു. എങ്കിലും ആയാളുടെ ഹൃദയാന്തരാളത്തിൽ വികാരങ്ങൾ തിരയടിച്ചു. വെടിമരുന്നു എല്ലാം തീർന്നു. റോഡ് ശത്രു കൈപ്പററി; ടെലിഫോൺ നിരകൾ മുറിക്കപ്പെട്ടിരിക്കുന്നു. രണ്ടു പ്രാവശ്യം അദ്ദേഹം ഒരോ ഭടനെ ആ ഗ്രാമത്തിലേക്കു അയക്കാൻ ശ്രമിച്ചു. ആദ്യത്തെ ആൾ കൊല്ലപ്പെട്ടു; രണ്ടാമത്തേവൻ മുറിപ്പെട്ടുമടങ്ങിവന്നു. വെടിമരുന്നു കിട്ടാത്തപക്ഷം ആ ഭടവ്യൂഹത്തെ അന്നു രാത്രി പിടിക്കുക എന്നതു ജർമ്മൻകാർക്കു ഒരു കുട്ടിക്കളി മാത്രമായിരിക്കും.

പെട്ടെന്നു മാട്സ്ലേവിന്നു ഓർമ്മവന്നു; ആയാൾ ജോവിനെത്തന്നെ അയച്ചാലെ പററുകയുള്ളു. ആയാൾ ഒരു വെള്ള കുപ്പായംകൊണ്ടു ജോവിന്റെ ദേഹം മൂടി; വെളുത്ത മഞ്ഞുവീണ ഭൂമിയിൽനിന്നു നായയെ തിരിച്ചറിയാതിരിക്കണമല്ലൊ. ആ കുപ്പായത്തിന്റെ കോളറിൽ ഒരു സന്ദേശവും പിടിപ്പിച്ചുവെച്ചു, "വെടിമരുന്നു തീർന്നു." പിന്നീടയാൾ ജോവിനോടു കല്പിച്ചു "ഓടു, മേജറുടെ അടുത്തേക്കു ഓടു !"

എന്നാൽ ജോവിന്നു മനസ്സിലായില്ല. വിശ്വസ്തവും, വിഷാദമയവുമായ കണ്ണുകളോടെ അവൻ മാട്സ്ലേവിനെ ഉററുനോക്കി. സിഗരററിന്നു വേണ്ടി ആയാൾ കരുതിവെച്ചിരുന്ന ഒരു പഴയ പത്രം മാട്സ്ലേവ് അവന്നു കൊടുത്തു. ജോവിന്നു മനസ്സിലായി; അവൻ ആ പത്രം കടിച്ചെടുത്തു. ദിവസവും താൻ തന്റെ യജമാനനൊന്നിച്ചു പോകാറുള്ള ഗ്രാമത്തിലേക്കു താൻ പോകണമെന്നു അവന്നു ഗ്രഹിപ്പാൻ സാധിച്ചു. മാട്സ്ലേവ് വിരൽ ചൂണ്ടി വിളിച്ചു പറഞ്ഞു. "ഓട് !" ജോ യാത്രയാരംഭിച്ചു.

മൂന്നു നാഴികയകലേയായിരുന്നു ഗ്രാമം. ജോ, ഇഴഞ്ഞും, നിന്നും, മഞ്ഞിൽ മൂടിയൊളിഞ്ഞുകിടന്നു, എഴുന്നേററും യാത്ര തുടർന്നു. അവന്നു പത്രം പൊയ്പോകുമോ എന്ന പേടിയുണ്ടായിരുന്നതിനാൽ ശരിക്കു ശ്വസിക്കുവാനും കൂടികഴിഞ്ഞില്ല. ആദ്യം താഴ്വരയിലെത്തി; പിന്നെ കുന്നിന്നരികിലും. ജോവിന്നു വഴി നിശ്ചയമുണ്ടായിരുന്നു. ആ വെടിവെപ്പു ശബ്ദം കേൾക്കുന്ന സ്ഥലം അവനറിഞ്ഞു. വലതോട്ടുതിരിഞ്ഞു അവൻ വളഞ്ഞു പുളഞ്ഞ വഴിയിലൂടെ നടന്നു തുടങ്ങി. അവൻ എപ്പോഴും മാട്സ്ലേവൊന്നിച്ചു നടക്കാറുള്ള മാർഗ്ഗമാണിത്. ഉടനെ അവന്നു വല്ലാത്തൊരു വേദന തോന്നി; പെട്ടെന്നു അവിടെനിന്നു അവന്റെ പിൻഭാഗത്തെ നാടിയെല്ലു ഒരു മൈൻ പൊട്ടിത്തെറിക്കമൂലം, മുറിഞ്ഞു ബോധരഹിതനായി അവൻ മഞ്ഞിൽ മലർന്നു വീണു. താമസിയാതെ അവന്നു ബോധം വന്നപ്പോൾ, അവൻ തന്റെ കർത്തവ്യം ഓർമ്മിച്ചു. ബുദ്ധിമുട്ടോടെ വീണ്ടും അവൻ മുൻകാലുകൾ കൊണ്ടു മഞ്ഞുകട്ടകൾ തള്ളി നീക്കി ഇഴയാനാരംഭിച്ചു.

കൃത്യസമയത്തു ഉദ്ദിഷ്ടസ്ഥലത്തു അവനെത്തിചേർന്നു. ആ സ്ഥലം വിടുന്നതിന്നു കമാണ്ടർ വട്ടംകൂട്ടുകായിരുന്നു. മേജർ കുറിപ്പ് വായിച്ചു "ഇതു മാട്സ്ലേവാണ്" ആയാൾ ഉച്ചത്തിൽ പറഞ്ഞു. ഈ കുറിപ്പു രേഖപ്പെടുത്താനും, ഉടനെ സാമഗ്രികൾ അയക്കാനും ആയാൾ കല്പന കൊടുത്തു. നായയെപ്പററി ആരും ശ്രദ്ധിച്ചില്ല. അക്ഷമനായി, പരിഭ്രാന്തി കലർന്നു മേജർ തന്റെ ആളുകളുമായി ഓരോന്നു ആലോചിച്ചു. അവന്റെ കയ്യിലുണ്ടായിരുന്ന വർത്തമാനപത്രം പോയിരുന്ന

തായി ജോ മനസ്സിലാക്കി. അതു കൊണ്ടല്ലെ അവനിവിടെ വരാൻ കാരണം ? "പത്രം തിരഞ്ഞെടുക്കുക" എന്നു പറയുംവിധത്തിൽ അവൻ കുരച്ചു. വാതിലിന്നു മുന്നിൽ ഒരു കാർ നില്ക്കുന്നുണ്ടായിരുന്നു. ആളുകൾക്കു വേറെ പലതും ചെയ്യാനുണ്ടായിരുന്നു. മേജറും, വേറെ മൂന്നു പേരും വീട്ടിൽനിന്നു പുറത്തുപോയി.

ജോ തനിച്ചായി, വേദനയോടെ അവൻ ഇഴഞ്ഞു. അവന്നു യജമാനസന്നിധിയിലെത്തണമെന്നാഗ്രഹമുണ്ടു്; പക്ഷെ വാതിൽ തുറക്കാൻ സാദ്ധ്യമല്ല അന്നു പകലും രാത്രിയും, പിറെറ ദിവസവും അവനങ്ങിനെ കിടന്നു. വല്ലാത്ത ദാഹമുണ്ടായി; പൊളിഞ്ഞു തന്റെ താടിയെല്ലിന്മേൽ വരണ്ട നാവും തൂക്കിയിട്ടു അവൻ കിടന്നു. കുരക്കണമെന്നുണ്ടു്; പക്ഷെ കരുത്തില്ല തന്നെ. ബോധക്കേടുണ്ടായി. ചിലപ്പോൾ അവൻ ദുസ്വപ്നം കണ്ടു കുരച്ചു. "മാട്സേവ് എവിടെ ?" എന്ന അന്വേഷണമായിരിക്കണം ആ കുരയിൽ അടങ്ങിയിരിക്കുന്ന അർത്ഥം.

ശരി തന്നെ, മാട്സ്സോവിന്റെ കാര്യമെല്ലാം ശരിപ്പെട്ടു, വെടിയുണ്ടകൾ തോക്കിൽനിന്നു വർഷിക്കാൻ തുടങ്ങിയപ്പോൾ ജോ തന്റെ കൃത്യം നിർവ്വഹിച്ചുവെന്നു മാട്സ്സോവിന്നു ബോദ്ധ്യപ്പെട്ടു. നായയെവിടെയാണെന്നു ആയാൾ അന്വേഷിച്ചു. ആർക്കും അറിഞ്ഞുകൂടാ. പുലച്ചെ ജർമ്മൻകാർ ആക്രമണത്തിന്നൊരുങ്ങി; പക്ഷെ അവർ പിറകോട്ടു ഓടിക്കപ്പെട്ടു. പിന്നീടു ജർമ്മൻകാരെ, മാട്സേവും കൂട്ടുകാരും വളരെ ദൂരം പിൻതിരിപ്പിച്ചു. രാത്രി ആയാൾ ഗ്രാമത്തിലേക്കുപോയി. മേജർ താമസിച്ചിരുന്ന ആ സ്ഥലത്തു ആയാൾ ജോവിനെ കണ്ടു, നായക്കു്, തലയുയർത്തുന്നതിന്നു കൂടി കഴിവുണ്ടായിരുന്നില്ല. പ്രയാസപ്പെട്ടു അതു വാലാട്ടി. മാട്സേവിനെ ജോ നോക്കിയപ്പോൾ, അവന്റെ ആത്മാവു മുഴുവനും കണ്ണിൽ വന്നു ഒരുക്കൂടിയപോലെ തോന്നി.

ആയാൾ കുനിഞ്ഞു, ജോവിനെ തൊട്ടുതലോടി. കുറച്ചു നേരം നിശ്ശബ്ദനായിനിന്നു.

വീണ്ടും തലോടിത്തുടങ്ങി. ഉടനടി റിവോൾവർ എടുത്തു വെടിവെച്ചു. മുറിവിട്ടു തിരിഞ്ഞു നോക്കാതെ പോയി. ആയാൾക്കു ഹെഡ്ക്വാട്ടറിൽ എത്തേണ്ടതുണ്ടു്.

ഇന്നു മാട്സേവ് ഒരു കേണലാണു്. ആയാളുടെ മാറിൽ സൈനിക ചിഹ്നങ്ങളും ബിരുദകളുമുണ്ടു്. ആയാൾ പലതും കണ്ടനുഭവിച്ചിട്ടുണ്ടു്; സ്റ്റാലിൻഗ്രാഡിലെ ചുവന്ന പുകയും, കുഞ്ഞുങ്ങളുടെ ശവംകൊണ്ടു നിറഞ്ഞ കിണറും !

ഈയിടെ ഞാൻ ആയാളെ കണ്ടുമുട്ടി. ഒരു സായാഹ്നം മുഴുവനും ഞങ്ങൾ സൊള്ളിയിരുന്നു. യുദ്ധത്തിന്നു മുമ്പുള്ള മോസ്കോവെപ്പററി ഞങ്ങൾ പറഞ്ഞു. മാട്സേവ് ആയാൾ താമസിച്ചിരുന്ന പ്രശാന്തമായ തെരുവിനെ വിവരിച്ചു. പെട്ടെന്നു ആയാൾ ഇങ്ങിനെ പറഞ്ഞു: "നിങ്ങൾ ഒരുപക്ഷെ അതിശയിക്കുമായിരിക്കാം. റിവോൾവറുമായി നിൽക്കുന്ന എന്നെ നോക്കിയപ്പോഴുള്ള ആ ജോവിന്റെ കണ്ണുകൾ, അവ എനിക്കു മറക്കാൻ വയ്യ"


## ആശ്വാസനിശ്വാസം

(പി. കെ. കടത്തനാട്ടു്.)

"വന്നല്ലൊ, വന്നല്ലോ, നാട്ടിൽ ജയത്തിന്റെ-
കന്ദളം തന്നൊളി ചിന്നിയല്ലോ"
പാടുവിൻ, പാടുവിൻ ഗീതകമീവിധം-
വാടാതെവിടയും പൊങ്ങിടട്ടെ.
ആകാശവീഥിയിലാലോല മീലസൽ-
ഗാനമലയടിച്ചാർത്തീടട്ടെ.

പേടിക്കവേണ്ടാനാമൊട്ടുമേ ജാപ്പുക-
ളോടുന്നിതെങ്ങും പരാജയത്തിൽ
ദുർമ്മദമൂർത്തികൾ ജർമ്മൻകാരൊക്കയും
കർമ്മവിമുഖരായ് പാഞ്ഞിടുന്നു
മർത്ത്യതക്കുള്ളൊരശ്ശത്രുക്കളെങ്ങുമേ
ധൂർത്തിനാൽ ദൂരെത്തെറിച്ചുപോയി
ഇല്ലിനി മേലിൽ തലയുയർത്തില്ലവ-
രെല്ലാം കഴിഞ്ഞു നശിച്ചിടാറായ്!
പോർക്കളത്തിങ്കൽനിന്നുത്സാഹപൂർവ്വക-
മെത്തിടും നമ്മുടെ പട്ടാളക്കാർ
നാട്ടിൻ പുറങ്ങളിൽ സമ്പൽസമൃദ്ധികൾ
നൃത്തമടിച്ചിടും നീളെ നീളെ.
ആശ്വസിച്ചാനന്ദിച്ചേവം വസിച്ചിടാം
ശാശ്വതശാന്തിതൻ പൂന്തണലിൽ!


## ഇവോജിമയിലെ സമരരംഗങ്ങൾ



യു. എസ്. നാവികഭടന്മാർ ഇവോജിമ കടൽക്കരയിലേക്കു കുതിച്ചുചാടുന്നു.



ഇവോജിമയിൽ സുറിബാച്ചി പർവ്വതത്തിന്നു മുകളിൽ അമേരിക്കൻ കൊടി.



സൈപ്പനിൽ ഒരു സൂപ്പർ ഫോർട്ടസ് വിമാനം ഇറങ്ങുന്നു.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.